# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# നിലമ്പൂർ ബ്ലോക്ക് പഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

# 2017-18

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം

e-mail: dompm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ട സഹിതം)

നം.കെ.എസ്.എ.എം.പി.എം.4/2820/2018

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
തിയ്യതി. 24/01/2018

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് / സെക്രട്ടറി മുഖേന

നിലമ്പൂർ ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : നിലമ്പൂർ ബ്ലോക്ക് പഞ്ചായത്ത് - 2017-18 സാമ്പത്തിക വർഷ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്.

********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം നിലമ്പൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 2017-18 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23 (1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ് - പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ / തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് ഓൺലൈനായി (http://aims.ksad.kerala.gov.in/esubmission) അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1),(2) എന്നിവ കാണുക)

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1).ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം. (ഉപരിപത്രം സഹിതം)

2).അസി.ഡെവലപ്പ്മെന്റ് കമ്മീഷണർ (ജനറൽ), മലപ്പുറം.

3).അസി.ഡെവലപ്പ്മെന്റ് കമ്മീഷണർ (പെർഫോർമൻസ് ഓഡിറ്റ്), മലപ്പുറം.

4).കാര്യാലയ പകർപ്പ്.

എബികെ

നം. കെ.എസ്.എ.എം.പി.എം.4/2820/2018 തിയ്യതി:24/01/2018

മലപ്പുറം ജില്ലയിലെ നിലമ്പൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 2017-18 സാമ്പത്തികവർഷ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ നിലമ്പൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 08.11.2017 മുതൽ 23.11.2018 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണ കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 27 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 9 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

ഓഡിറ്റ് നടത്തിയതിന്റെ വിവരം

--------------------------------------------------------------------------------------

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ :ശ്രീമതി.സുധാദാസ്, സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

--------------------------------------------------------------------------------------

ഓഡിറ്റിന് വിനിയോഗിച്ച സമയം : 24.11.2018 മുതൽ 01.12.2018 വരെ

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ

| | |
|---|---|
| ശ്രീ. വേലായുധൻ.കെ.ജി | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീ. രാമകൃഷ്ണൻ.ടി | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| ശ്രീ.റഷീദ്.വി | ഓഡിറ്റർ |
| ശ്രീമതി.സുജാത. എം. | ഓഡിറ്റർ |

ബി ) നിർവഹണാധികാരികൾ

പ്രസിഡന്റ്

| | |
|---|---|
| ശ്രീ.പി.പി.സുഗതൻ | 01.04.2017 മുതൽ 31.03.2018 വരെ |

സെക്രട്ടറി

| | |
|---|---|
| ശ്രീ.ജേക്കബ് സക്കറിയ | 01.04.2017 മുതൽ 31.03.2018 വരെ |

നിർവഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| സെക്രട്ടറി | ശ്രീ.ജേക്കബ് സക്കറിയ | 01.04.2017 മുതൽ<br>31.03.2018 വരെ |
| അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ | ശ്രീ.ഉത്തമൻ.ജി | 01.04.2017 മുതൽ<br>13.10.2017 വരെ |
| | ശ്രീ.അനിൽ ദാസ്.കെ.ടി | 14.10.2017 മുതൽ<br>21.02.2018 വരെ |
| | ശ്രീ.മുരളി കൃഷ്ണൻ.സി.ആർ | 22.02.2018 മുതൽ<br>31.03.2018 വരെ |
| | ശ്രീ. അലി ഫൈസൽ,<br>അസിസ്റ്റന്റ് എഞ്ചിനീയർ | 01.04.2017 മുതൽ<br>08.01.2018 വരെ |
| | ശ്രീ. മിറാഷ്. എ.സി,<br>അസിസ്റ്റന്റ് എഞ്ചിനീയർ | 08.01.2018 മുതൽ<br>31.03.2018 വരെ |
| മെഡിക്കൽ ഓഫീസർ (സി.എച്ച്.സി) | ഡോ.അബ്ദുൾ ജലീൽ.വി | 01.04.2017 മുതൽ<br>31.03.2018 വരെ |
| സി.ഡി.പി.ഒ | ശ്രീമതി. ഹഫ്സത്ത്.പി. | 01.04.2017 മുതൽ<br>31.03.2018 വരെ |
| അസി.ഡയറക്ടർ (കൃഷി) | ശ്രീ.ബെന്നി സെബാസ്റ്റ്യൻ | 01.04.2017 മുതൽ<br>13.07.2017 വരെ<br>16.12.2017 മുതൽ<br>19.02.2018 വരെ |
| | ശ്രീമതി.സെറിൻ ഫിലിപ്പ് | 14.07.2017 മുതൽ<br>15.12.2017 വരെ |
| | ശ്രീമതി.ശ്രീലത.ബി | 20.02.2018 മുതൽ<br>31.03.2018 വരെ |
| പട്ടിക ജാതി വികസന ഓഫീസർ | ശ്രീ. എസ്.രാജീവ് | 01.04.2017 മുതൽ<br>02.04.2017 വരെ |
| | ശ്രീ. എൽദോസ്.എം.പി | 03.04.2017 മുതൽ<br>25.04.2017 വരെ |
| | ശ്രീ.സതീഷ് കുമാർ | 26.04.2017 മുതൽ<br>30.05.2017 വരെ<br>10.06.2017 മുതൽ<br>20.06.2017 വരെ<br>28.12.2017 മുതൽ<br>04.01.2018 വരെ |
| | ശ്രീ.പി.പി.ബിജു | 31.05.2017 മുതൽ<br>09.06.2017 വരെ<br>21.06.2017 മുതൽ<br>19.07.2017 വരെ |

| | | |
|---|---|---|
| | ശ്രീമതി. റസീന.ടി.എ | 20.07.2017 മുതൽ 27.12.2017 വരെ |
| | ശ്രീമതി. മിനി ചിത്രം | 05.01.2018 മുതൽ 31.03.2018 വരെ |

ഉള്ളടക്കം


| ക്രമ നം. | വിഷയം | ഖണ്ഡിക നമ്പർ | പേജ് നമ്പർ |
|---|---|---|---|
| ഭാഗം I പൊതു അവലോകനം | | | |
| 1 | ബജറ്റ് | 1-1 | |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 | |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 1-3 | |
| 4 | സാമ്പത്തിക വിശകലനം | 1-4 | |
| 5 | ഫണ്ട് വിനിയോഗം | 1-5 | |
| 6 | പദ്ധതി അവലോകനം. | 1-6 | |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-7 | |
| 8 | ക്ഷേമപദ്ധതികൾ | 1-8 | |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 | |
| 10 | ആഭ്യന്തരനിയന്ത്രണം. | 1-10 | |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 | |
| 12 | വാർഷിക കണക്കിലെ അപാകതകൾ | 1-12 | |
| ഭാഗം II വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | | |
| 13 | വാടക കുടിശ്ശിക ഈടാക്കിയില്ല. | 2-1 | |
| 14 | നിലമ്പൂർ ബ്ലോക്ക് പഞ്ചായത്ത് ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് - ഹയർ പർച്ചേസ് തുക പൂർണ്ണമായി ഈടാക്കിയില്ല | 2-2 | |
| 15 | ഇ-ടെണ്ടർ പ്രവൃത്തികൾ--ടെണ്ടർ ഫോറം വില ലഭ്യമായില്ല | 2-3 | |
| ഭാഗം III ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | | |
| 16 | താൽക്കാലിക ഡ്രൈവർക്ക് ക്രമവിരുദ്ധമായി അധിക വേതനം നൽകി | 3-1 | |
| 17 | മാർഗ്ഗ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി മെയിന്റെനൻസ് ഗ്രാന്റ് വിനിയോഗിച്ചു. | 3-2 | |
| 18 | തുടർ വിദ്യഭ്യാസ കലാമേളക്ക് തുക നൽകിയത് ക്രമവിരുദ്ധം | 3-3 | |
| 19 | മഹാത്മാഗാന്ധി തൊഴിലുറപ്പപദ്ധതി- ജീവനക്കാർക്ക് വേതനം,യാത്രാബത്ത എന്നിവ നൽകാൻ തുക പിൻവലിച്ചത് - ക്രമീകരിച്ചതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ്. | 3-4 | |

| | | | |
|---|---|---|---|
| 20 | ചുങ്കത്തറ സി എച്ച് സിയിൽ ട്രാൻസ്ഫോർമർ സ്ഥാപിക്കൽ -പൂർത്തീകരണ വിവരം ലഭ്യമാക്കേണ്ടതാണ്. | 3-5 | |
| 21 | കേരളോൽസവം അധിക തുക ചെലവഴിച്ചു. | 3-6 | |
| 22 | ചക്കുറ്റി- മുണ്ടേപ്പാടം ഇറിഗേഷൻ പദ്ധതി - അപാകതകൾ | 3-7 | |
| 23 | വൗച്ചറുകൾ പരിശോധനക്ക് ലഭ്യമാക്കിയില്ല | 3-8 | |
| 24 | വിവിധ ചെലവുകൾ - വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്. | 3-9 | |
| 25 | കോട്ടേപ്പാടം ഇറിഗേഷൻ പദ്ധതി - അപാകതകൾ | 3-10 | |
| 26 | മാലിന്യമുക്തചാലിയാർ പദ്ധതി - അപാകതകൾ | 3-11 | |
| 27 | അതുല്യം (ഭിന്നശേഷിക്കാരുടെ പുനരധിവാസം)പദ്ധതി - അപാകതകൾ | 3-12 | |
| 28 | ചുങ്കത്തറ സി.എച്ച്.സി ജെറിയാട്രിക് ഹെൽത്ത് കെയർ - പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ. | 3-13 | |
| 29 | മരുന്നുകൾ പൂർണ്ണമായും ലഭ്യമാക്കിയില്ല. | 3-14 | |
| 30 | ഭവനനിർമ്മാണം പൂർത്തീകരിക്കുന്നതിന് /തുക തിരികെ ഈടാക്കുന്നതിന് നടപടികൾ സ്വീകരിച്ചില്ല | 3-15 | |
| 31 | വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല | 3-16 | |
| 32 | പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി - അപാകതകൾ. | 3-17 | |
| 33 | സെന്ററിങ് പ്രവൃത്തി അധിക നിരക്കിൽ തുക നൽകി | 3-18 | |
| 34 | കെട്ടിടം പൊളിച്ച മാറ്റിയ സാധനസാമഗ്രികൾ ലേലം ചെയ്ത് ബ്ലോക്ക് പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽ കൂട്ടിയില്ല | 3-19 | |
| 35 | കിളച്ചെടുത്ത മണ്ണ് വിനിയോഗിക്കുകയും, ഷ്രിങ്കേജ് കുറവു ചെയ്യുകയും ചെയ്തില്ല—കരാറുകാരന് തുക അധികം നൽകി. | 3-20 | |
| 36 | സർവ്വീസ് ടാക്സ് കുറവ് ചെയ്യാതെ കരാറുകാരന് അനുവദിച്ച നൽകി. | 3-21 | |
| 37 | കളംകുന്ന് എസ്.സി കോളനി കുടിവെള്ള പദ്ധതി-പദ്ധതി പൂർത്തീകരിച്ചില്ല | 3-22 | |
| ഭാഗം IVപൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | | | |
| 38 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് | 4-1 | |
| 39 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 | |
| 40 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 | |
| 41 | വായ്പ / വായ്പ തിരിച്ചടവ് | 4-4 | |
| 42 | സ്ഥിര നിക്ഷേപങ്ങൾ | 4-5 | |
| 43 | ഓഡിറ്റ് റിക്കവറി | 4-6 | |
| 44 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 | |
| 45 | ചാർജ്,സർചാർജ് നടപടികളുടെ വിവരം | 4-8 | |

| | | | |
|---|---|---|---|
| 46 | ഓഡിറ്റ് പ്രത്യവലോകനം | 4-9 | |
| 47 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-10 | |


# ഭാഗം 1

## പൊതു അവലോകനം

### 1-1 ബജറ്റ്.

2017-18 ലെ ബജറ്റ് 29.03.2017 ലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു.

### 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31-07-2018 | 08.06.2018 | - | - |

### 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2017-18 | 27.06.2018 മുതൽ 28.06.2018 വരെ | കെ.എസ്.എ.എം.പി.എം.4/1682/18 തി. 05.07.2018 |

### 1-4 സാമ്പത്തിക വിശകലനം.

| | |
|---|---|
| മുന്നിരിപ്പ് | 50849313 |
| വരവ് | 103984850 |
| ആകെ | 154834163 |
| ചെലവ് | 132698499 |
| നീക്കിയിരുപ്പ് | 22135664 |

### 1-5 ഫണ്ട് വിനിയോഗം (എ.സി.ആർ. പ്രകാരം)

| ഫണ്ടിനം | മുൻ ബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | ബാക്കി | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 52032557 | 52032557 | 43588705 | 8443852 | 83.77% |
| വികസനഫണ്ട് എസ്.സി.പി. | 0 | 8347099 | 8347099 | 6831062 | 1516037 | 81.83% |
| വികസനഫണ്ട് ടി.എസ്.പി. | 0 | 7151397 | 7151397 | 4770759 | 2380638 | 66.71% |
| സംരക്ഷണഗ്രാന്റ് (നോൺറോഡ്) | 0 | 6620490 | 6620490 | 5743186 | 8773049 | 86.74% |
| ജനറൽ പർപ്പസ് ഗ്രാന്റ് | 6332325 | 3582000 | 9914325 | 8863522 | 1050803 | 89.40% |

| | | | | | | |
|---|---|---|---|---|---|---|
| ടി.എസ്.സി | 1253757 | 1512943 | 2766700 | 546175 | 2220525 | 19.74% |

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് | അടങ്കൽ | നടപ്പാക്കിയത് | ചെലവഴിച്ച തുക | ഭാഗികമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പദ്ധതികളുടെ ശതമാനം |
|---|---|---|---|---|---|---|
| 136 | 114369695 | 96 | 61124753 | 3 | 37 | 72.79 % |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

ഇല്ല.

## 1-7 തൊഴിലുറപ്പ് പദ്ധതി.

ബാധകമല്ല.

## 1-8 ക്ഷേമപദ്ധതികൾ.

ബാധകമല്ല.

## 1-9 ക്യാഷ് വെരിഫിക്കേഷൻ.

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 27.11.2018 ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തി. നീക്കിയിരിപ്പ് ഇല്ല.

## 1-10 ആഭ്യന്തരനിയന്ത്രണം.

സ്ഥാപനത്തിന്റെ ബഡ്ജറ്റ് പാസ്സാക്കിയിട്ടുണ്ടെങ്കിലും വിഭവങ്ങളുടെ ലഭ്യതയും ഓരോ മേഖലയിലെയും ചെലവ് ആവശ്യങ്ങളും ബഡ്ജറ്റ് തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട് വിലയിരുത്തി ബ്ലോക്ക് പഞ്ചായത്ത് സ്വീകരിച്ച നടപടിക്രമങ്ങൾ സംബന്ധിച്ച ഫയലോ രേഖകളോ ലഭ്യമല്ല. സ്ഥാപനത്തിന്റെ സാമ്പത്തിക ഇടപാടുകൾ കൃത്യമായി അക്കൌണ്ട് ചെയ്യപ്പെടുന്നുണ്ട്. ക്യാഷും അക്കൌണ്ട്സും വ്യത്യസ്ഥ ജീവനക്കാരാണ് കൈകാര്യം ചെയ്യുന്നത്. അക്കൌണ്ട്സുകളും അക്കൌണ്ട് പോളിസികളും പാലിക്കുന്നുണ്ട്. ദിവസാന്ത്യ/ മാസാന്ത്യ/ വർഷാന്ത്യം നടത്തേണ്ട പൊരുത്തപ്പെടുത്തലുകൾ കൃത്യമായി ചെയ്തുവരുന്നുണ്ട്.
വൗച്ചറുകൾ ഫണ്ട് അടിസ്ഥാനത്തിൽ സൂക്ഷിക്കേണ്ടതും, എല്ലാ വൗച്ചറുകളും പ്രസിഡണ്ട് ഒപ്പിട്ട് അംഗീകൃതമാക്കേണ്ടതും, മുഴുവൻ ചെലവുകളും സാംഖ്യാ അക്കൗണ്ട്സിൽ ഉൾപ്പെടുത്തേണ്ടതുമാണ്.

തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിനുള്ള മാർഗ്ഗരേഖ സ്ഥാപനം അനുസരിക്കുന്നുണ്ടെങ്കിലും ഓഡിറ്റ് വർഷത്തിൽ സെക്രട്ടറി നിർവ്വഹണം നടത്തിയ മാലിന്യ മുക്ത ചാലിയാർ (പ്രൊജക്ട് നമ്പർ.12/18) പ്രൊജക്ടിൽ ഉൾപ്പെട്ട 4 റോഡ് നിർമ്മാണ പ്രവൃത്തികൾ (അടങ്കൽ 5 ലക്ഷം വീതം) ഇ.ടെണ്ടർ ചെയ്യാതെ സാധാരണ ടെണ്ടർ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്.

2017-18-ൽ പഞ്ചായത്ത് ഭരണസമിതി 38 തവണ യോഗം ചേർന്നിട്ടുണ്ട്. ബ്ലോക്ക് പഞ്ചായത്തിലെ വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികളും കൃത്യമായി യോഗം ചേർന്നിട്ടുണ്ട്. എന്നാൽ വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി മിനിട്സ് എഴുതി പൂർത്തീകരിച്ചിട്ടില്ല. 10.04.2017, 08.05.2017, 09.06.2017, 10.07.2017, 07.08.2017, 08.09.2017 എന്നീ തിയ്യതികളിലെ യോഗങ്ങളിൽ അജണ്ടകളും, തീരുമാനങ്ങളും രേഖപ്പെടുത്തിയിട്ടില്ല. പങ്കെടുത്തവരുടെ ഒപ്പും പേരും മാത്രമാണുള്ളത്.
പദ്ധതി പൂർത്തീകരണം സംബന്ധിച്ച മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ട് ബന്ധപ്പെട്ട പ്രൊജക്ട് ഫയലിൽ

ഉൾപ്പെടുത്തിയിട്ടില്ല.

ആസ്തികൾ കൃത്യമായി മൂല്യ നിർണ്ണയം ചെയ്ത് ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം.

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 07.02.2018 | 01.02.2017 മുതൽ 31.01.2018 വരെ | 24.03.2018 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 20.01.2017 | 2016-17 | 10.02.2017 |

## 1-12 വാർഷിക കണക്കിലെ അപാകതകൾ.

വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ട അപാകതകൾ.

1).വാർഷിക കണക്കിൽ അടിസ്ഥാന അനുപാതങ്ങൾ (റേഷ്യോ), പ്രധാനപ്പെട്ട അക്കൌണ്ടിംഗ് നയങ്ങളെക്കുറിച്ചുള്ള കുറിപ്പുകൾ എന്നിവ ഉൾപ്പെടുത്തിയിട്ടില്ല.

2). ആസ്തി രജിസ്റ്ററിൽ ഡിപ്രീസിയേഷൻ ചേർത്ത് കാലികമാക്കിയിട്ടില്ല.

3). എസ്.സി.ഡി.ഒ, എ.ഡി.എ, സി.ഡി.പി.ഒ എന്നിവർ TR 7A കാഷ്ബുക്ക് സൂക്ഷിക്കുന്നില്ല. (മെഡിക്കൽ ഓഫീസർ (സി.എച്ച്.സി) പ്രത്യേകം TR 7A കാഷ് ബുക്ക് സൂക്ഷിക്കുന്നു. നിർവ്വഹണ ഉദ്യോഗസ്ഥരാരും തന്നെ സബ്സിഡിയറി രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

4). ലോൺ രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

5). 2016-17 വാർഷികക്കണക്കിലെ അപാകതകൾ പരിഹരിച്ചിട്ടില്ല.

# ഭാഗം-2

# വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വാടക കുടിശ്ശിക ഈടാക്കിയില്ല.

നിലമ്പൂർ ബ്ലോക്ക് പഞ്ചായത്ത് ഹിൽ ഏരിയ ഡവലപ്പ്മെന്റ് ഏജൻസി മുഖേന എടക്കര ഗ്രാമപഞ്ചായത്തിൽ 3 മുറികളുള്ള കാർഷിക വിപണനകേന്ദ്രം നിർമ്മിച്ചിട്ടുണ്ട്. പ്രസ്തുത കെട്ടിടം നിർമ്മിച്ച സ്ഥലം എടക്കര ഗ്രാമപഞ്ചായത്തിന്റെ 23.02.2015 ലെ 1(4) നമ്പർ തീരുമാനപ്രകാരം നിലമ്പൂർ ബ്ലോക്ക് പഞ്ചായത്തിന് അനുവദിച്ചതും 26.05.2015 ലെ 52/78/15 തീരുമാന പ്രകാരം കെട്ടിടത്തിന്റെ ഉടമസ്ഥാവകാശം നിലമ്പൂർ ബ്ലോക്ക് പഞ്ചായത്തിന് നൽകിയതുമാണ്.

നിലമ്പൂർ ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതിയുടെ 25.06.2015 ലെ IV/(4) നമ്പർ തീരുമാനപ്രകാരം കാർഷിക വിപണന കേന്ദ്രത്തിലെ രണ്ട് മുറികൾ മൂത്തേടം സ്വാശ്രയ കർഷക സംഘത്തിന് വാടകക്ക് നൽകാൻ തീരുമാനിക്കുകയും പ്രതിമാസം 1000/- രൂപ നിരക്കിൽ അനുവദിക്കുകയും ചെയ്തു (തീരുമാനം നമ്പർ. IV/(1) തി.14.07.2015). ഈ വിവരം 15.07.2015 ലെ NOB-352/13 നമ്പർ കത്ത് പ്രകാരം എടക്കര ഗ്രാമപഞ്ചായത്ത് സെക്രട്ടറിയെ അറിയിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ വിപണന കേന്ദ്രത്തിലെ ഒരു മുറി കോക്കനട്ട് പ്രൊഡ്യൂസേഴ്സ് സൊസൈറ്റി ഫെഡറേഷന് നാളികേര വിപണന കേന്ദ്രം ഓഫീസിന് വേണ്ടി 500/- രൂപ പ്രതിമാസ വാടക നിരക്കിൽ അനുവദിച്ചിട്ടുമുണ്ട് (തീരുമാനം നമ്പർ. VI/(8) തി.29.09.2015).

ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയും വാടകക്കാരും ചേർന്ന് തയ്യാറാക്കിയ ഉടമ്പടിയിലെ ക്രമ നമ്പർ 3 പ്രകാരം, കാലാകാലങ്ങളിൽ കരാർ തീരുന്ന മുറയ്ക്ക് സർക്കാർ മാനദണ്ഡങ്ങൾക്ക് അനുസരിച്ച് വാടക

പുനർനിർണ്ണയിക്കുന്നതിനുള്ള അധികാരം ബ്ലോക്ക് പഞ്ചായത്തിൽ നിക്ഷിപ്തമായിരിക്കുമെന്ന് വ്യക്തമാക്കിയിട്ടുണ്ട്. വാടക സംബന്ധിച്ച് ബ്ലോക്ക് പഞ്ചായത്ത് അംഗീകൃത ബൈലോ സൂക്ഷിക്കുന്നില്ല.

പരിശോധനക്ക് ലഭ്യമാക്കിയ വാടക രജിസ്റ്റർ പ്രകാരം കെട്ടിടങ്ങളുടെ വാടക സംബന്ധിച്ച വിവരം താഴെ ചേർക്കുന്നു.

| കെട്ടിടം | വാടകക്കാരന്റെ പേര് | വാടക | റിമാർക്സ് |
|---|---|---|---|
| കാർഷിക വിപണന കേന്ദ്രം, എടക്കര (2 മുറികൾ) | സെക്രട്ടറി, മൂത്തേടം സ്വാശ്രയ കർഷക സംഘം. | 1000 രൂപ. | 2015 ആഗസ്റ്റ് മാസത്തിലെ വാടക മാത്രമേ അടവാക്കിയിട്ടുള്ളൂ. 01.09.2015 മുതൽ കുടിശ്ശികയുണ്ട്. |
| കാർഷിക വിപണന കേന്ദ്രം, എടക്കര (1 മുറി) | കോക്കനട്ട് പ്രൊഡ്യൂസേഴ്സ് സൊസൈറ്റി. | 500 രൂപ. | 01.07.2016 മുതൽ കുടിശ്ശികയുണ്ട്. |

കരാർ തിയ്യതി തീർന്നിട്ടുണ്ടെങ്കിലും സർക്കാർ മാനദണ്ഡങ്ങൾക്കനുസരിച്ച് വാടക പുതുക്കി നിശ്ചയിക്കുകയോ കരാർ പുതുക്കുകയോ ചെയ്തിട്ടില്ല. നാളിത് വരെയുള്ള കുടിശ്ശിക ഈടാക്കാനുള്ള നടപടികളും ബ്ലോക്ക് പഞ്ചായത്ത് സ്വീകരിച്ചിട്ടില്ല. വാടക സംബന്ധിച്ച ബൈലോ ഇല്ലാത്തതിനാൽ കുടിശ്ശിക വരുത്തുന്ന വാടകക്കാരനെ ഒഴിപ്പിക്കുന്നതിന് നിയമപരമായ നടപടി സ്വീകരിക്കാൻ കഴിയാത്ത അവസ്ഥയാണുള്ളത്. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.21/01.12.2018 ന് മറുപടി ലഭ്യമാക്കിയില്ല. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. മൂത്തേടം സ്വാശ്രയ കർഷക സംഘത്തിന് അനുവദിച്ച റൂമുകളുടെ വാടക കുടിശ്ശിക 3 വർഷം പിന്നിട്ടിട്ടുണ്ട്. കുടിശ്ശിക ഈടാക്കാൻ നടപടികൾ സ്വീകരിക്കാത്തതിനാൽ വിശദീകരണം ലഭ്യമാക്കേണ്ടതാണ്. അല്ലാത്തപക്ഷം വ്യക്തിപരമായ ബാധ്യതയായി കണക്കാക്കി തുടർനടപടികൾ സ്വീകരിക്കുന്നതായിരിക്കും.

## 2-2 <u>നിലമ്പൂർ ബ്ലോക്ക് പഞ്ചായത്ത് ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് - ഹയർ പർച്ചേസ് തുക പൂർണ്ണമായി ഈടാക്കിയില്ല.</u>

നിലമ്പൂർ ബ്ലോക്ക് പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള നിലമ്പൂർ വില്ലേജിൽ സർവ്വേ നമ്പർ 123/1, 123/4, 119/1 ൽ ഉൾപ്പെട്ട 2.0235 ഹെക്ടർ ഭൂമി ചെറുകിട വ്യവസായങ്ങൾ തുടങ്ങാൻ വിവിധ വ്യവസായ സംരംഭകർക്ക് ഹയർപർച്ചേസിന് നൽകിയിട്ടുണ്ട്. ഒരു സെന്റിന് 7,000/- രൂപ നിരക്കിൽ വില നിശ്ചയിച്ച് അനുവദിക്കപ്പെട്ട ഭൂമിയുടെ മൊത്തം വിലയുടെ 20% കരാറിൽ ഏർപ്പെടുമ്പോൾ വാങ്ങുന്നതിനും ബാക്കി തുക 6% പലിശ സഹിതം 5 വാർഷിക തുല്യ ഗഡുക്കളായി വാങ്ങുന്നതിനും ബ്ലോക്ക് പഞ്ചായത്ത് തീരുമാനിച്ചു.

എന്നാൽ ഇപ്രകാരം ഭൂമി ലഭിച്ച താഴെ പറയുന്ന വ്യവസായ സംരംഭകർ, കരാർ പ്രകാരമുള്ള കാലാവധി കഴിഞ്ഞ് വർഷങ്ങൾ കഴിഞ്ഞിട്ടും ഭൂമിയുടെ വില പൂർണ്ണമായി അടവാക്കിയിട്ടില്ല.

| ക്രമ നമ്പർ | പേരും വിലാസവും | അനുവദിക്കപ്പെട്ട ഭൂമിയുടെ വിസ്തൃതി | കരാർ തിയ്യതി | ഭൂമിയുടെ വില | അടവാക്കിയ തുക | ബാക്കി |
|---|---|---|---|---|---|---|
| 1 | ഷക്കീല.എ.എ, എളമ്പിലാശ്ശേരി വീട്, പാലേമാട്.പി.ഒ, എടക്കര | 19 സെന്റ് | 04.11.2009 | 1,33,000 | 1,26,600 | 6,400 |
| 2 | അലി.പി, S/o.അലി, | 10 സെന്റ് | 11.01.2011 & | 70,000 | 54620 | 15,380 |

| | | | | | | |
|---|---|---|---|---|---|---|
| | പുല്ലാനിക്കുന്നിൽ വീട്, വെളിയന്തോട്, ചന്തക്കുന്ന്.പി.ഒ | (5 +5) | 01.08.2012 | (35,000+35000) | | |
| ആകെ | | | | 203000 | 181220 | 21780 |

വാർഷിക ഗഡുക്കൾ പലിശ സഹിതം യഥാസമയം അടവാക്കുന്നില്ല. പലപ്പോഴും വലിയ കാലതാമസം ഇക്കാര്യത്തിൽ സംഭവിക്കുന്നുണ്ട്. വാർഷിക ഗഡുക്കൾ അടക്കുന്നതിൽ വീഴ്ച വരുത്തിയിട്ടും, പിഴപ്പലിശ സഹിതം തുക ഈടാക്കാൻ കരാർ പ്രകാരം വ്യവസ്ഥ ഉണ്ടായിട്ടും, നാളിത് വരെ കുടിശ്ശിക ഈടാക്കിയിട്ടില്ല.കുടിശ്ശിക തുക തിരിച്ചടപ്പിക്കാനുള്ള നടപടികൾ എത്രയും പെട്ടെന്ന് സ്വീകരിക്കുന്നതാണെന്ന് ഓഡിറ്റ് എൻക്വയറി നം. 22/01.12.2018 ന് മറുപടി നൽകി. കുടിശ്ശിക തുക കരാർ പ്രകാരമുള്ള പലിശയും, പിഴ പലിശയും സഹിതം ഈടാക്കി തനത് ഫണ്ടിൽ അടവാക്കേണ്ടതാണ്.

## 2-3 ഇ-ടെണ്ടർ പ്രവൃത്തികൾ--ടെണ്ടർ ഫോറം വില ലഭ്യമായില്ല

GO(MS) No 318/2013/LSGD/28-09-2013 പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ 5 ലക്ഷം രൂപയോ അതിന് മുകളിലോ അടങ്കലുള്ള പ്രവൃത്തികൾക്ക് ഇ-ടെണ്ടർ സംവിധാനം നടപ്പിലാക്കുകയും ഇത്തരം പ്രവൃത്തികളുടെ ഓൺലൈൻ ഇടപാട് വഴിയുള്ള ടെണ്ടർ ഫോറം വില സ്വീകരിക്കുന്നതിനായി പുതിയ സീറോ ബാലൻസ് തുടങ്ങുന്നതിനും ഉത്തരവായിട്ടുള്ളതാണ്. മേലുത്തരവ് പ്രകാരം ബ്ലോക്ക്പഞ്ചായത്തുകൾ നടപ്പിലാക്കുന്ന പ്രവൃത്തികളുടെ ടെണ്ടർ ഫോറം വില ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിലാണ് ടെണ്ടർ നടപടികളുടെ ഭാഗമായി ക്രഡിറ്റ് ചെയ്യുന്നത്. ലഭ്യമാക്കിയ രേഖകൾ പ്രകാരം, നിലമ്പൂർ ബ്ലോക്ക്പഞ്ചായത്ത് 2017-18വർഷത്തിൽ ടെണ്ടർ ചെയ്ത 53 മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫോറം വില 229712 രൂപയും, 2016-17 വർഷത്തിൽ ടെണ്ടർ ചെയ്ത് 17-18 വർഷത്തിൽ നിർവ്വഹണം നടത്തിയ 45പ്രവൃത്തികളുടെ ടെണ്ടർ ഫോറം വില 187264 രൂപയും അടക്കം 416976 രൂപ ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ നിന്നും ലഭ്യമാവാനുണ്ട്. ആയത് ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 താൽക്കാലിക ഡ്രൈവർക്ക് ക്രമവിരുദ്ധമായി അധിക വേതനം നൽകി

നിലമ്പൂർ ബ്ളോക്ക് പഞ്ചായത്തിന്റെ KL AE 8750 വാഹനത്തിന്റെ താൽക്കാലിക ഡ്രൈവർ ശ്രീ.തോമസ് ജോസഫിന് 2017 മാർച്ച് മാസം വാഹനം ഓടിച്ചതിന് ചെക്ക് നം.1564263/15.04.17 പ്രകാരം (വൗച്ചർ നം.21700028/15.04.2017) 17,550 രൂപ ജനറൽ പർപ്പസ് ഗ്രാന്റിൽ നിന്നും അനുവദിച്ചിട്ടുണ്ട്.

ജി ഒ (പി ) നം. 136/2016/ഫിൻ തി.07.09.2016 പ്രകാരം പ്രതിദിനം 650 രൂപ നിരക്കിൽ 17,550രൂപയാണ് പരമാവധി പ്രതിദിനവേതനത്തിന് നിയമിതരായിട്ടുള്ള താൽക്കാലിക ഡ്രൈവർമാർക്ക് അനുവദിക്കാവുന്ന തുക. എന്നാൽ, ടിയാന്റെ ഹാജർപട്ടിക പരിശോധിച്ചതിൽ 2017 മാർച്ച് മാസം 19 ദിനങ്ങളിലാണ് ടിയാൻ ജോലിക്ക് ഹാജരായിട്ടുള്ളത് . ആയതിന് പ്രതിദിനം 650 രൂപ നിരക്കിൽ 12,350 രൂപ അനുവദിക്കേണ്ടതിന് പകരം 17,550രൂപയാണ് അനുവദിച്ചത് .ക്രമവിരുദ്ധമായി നൽകിയ 5200 രൂപ വീഴ്ചക്ക് ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-2 മാർഗ്ഗ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി മെയിന്റനൻസ് ഗ്രാന്റ് വിനിയോഗിച്ചു.

മെയിന്റനൻസ് ഗ്രാന്റ് വിനിയോഗം സംബന്ധിച്ച ഗവ.സർക്കുലർ നം. 75326/എഫ് .എം-1/2007/ ത.സ്വ.ഭ.വ തി. 30.01.18 പ്രകാരം തനത് ആസ്തികളുടെ സംരക്ഷണത്തിനും നിർമ്മാണത്തിനും മെയിന്റനൻസ് ഗ്രാന്റ് വിനിയോഗിക്കരുതെന്ന് നിഷ്കർഷിച്ചിട്ടുള്ളതാണ്. ജി ഒ (എം എസ്)നം. 330/2004/ത.സ്വ.ഭ.വ

തി.19.12.2004ൽ നിർദ്ദേശിച്ചതിൽ പ്രകാരവും ജി ഒ(എം എസ് )നം. 300/2010/ത.സ്വ.ഭ.വ തി.10.12.2010 പ്രകാരം നിർദ്ദേശിയ്ക്കപ്പെട്ടിട്ടുള്ള ഇനങ്ങളിലുമാണ് മെയിന്റനൻസ് ഗ്രാന്റ് വിനിയോഗിയ്ക്കുവാൻ അനുമതിയുള്ളൂ.എന്നാൽ ആയതിനു വിരുദ്ധമായി താഴെ പറയുന്ന പ്രോജക്റ്റുകൾക്കായി മെയിന്റനൻസ് ഗ്രാന്റ് (റോഡിതരം ) വിനിയോഗിച്ചിട്ടുണ്ട്.

| ക്രമ നം. | പ്രോജക്റ്റ് നം./പ്രോജക്റ്റിന്റെ പേര് | വിനിയോഗിച്ച തുക | റിമാർക്സ് |
|---|---|---|---|
| 1 | 99/2017,ഓഫീസിലെ കമ്പ്യൂട്ടറുകൾക്ക് ഒർജിനൽ ഓപ്പറേറ്റിംഗ് സിസ്റ്റം ലഭ്യമാക്കുന്നതിനുള്ള പദ്ധതി | 35,400 രൂപ | ബിൽ നം.45/17-18 തി.12.03.18 |
| 2 | 102/17ബോർഡ് മീറ്റിംഗ് ഹാളിൽ എയർ കണ്ടീഷണർ സ്ഥാപിയ്ക്കുന്നതിനുള്ള പദ്ധതി | 99,000 രൂപ | ബിൽ നം. 33/17-18 തി.20.02.18 |
| | ആകെ | 1,34,400 | |

അപാകതയ്ക്ക് വിശദീകരണമാരാഞ്ഞു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്കും (നം.15/30.11.18)മറുപടി ലഭ്യമാക്കിയിട്ടില്ല. ചെലവുതുക 1,34,400 രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 3-3 <u>തുടർ വിദ്യഭ്യാസ കലാമേളക്ക് തുക നൽകിയത് ക്രമവിരുദ്ധം</u>

നിലമ്പൂർ ബ്ളോക്ക് പഞ്ചായത്തിന്റെ 2017-18 വർഷത്തിലെ പ്രോജക്റ്റ് നം.6/18 കേരളോൽസവം ,എസ് ജി ആർവൈ വിപണനമേള ,തുടർസാക്ഷരത കാലാമേള എന്നിവയ്ക്കുള്ള ബ്ലോക്ക് വിഹിതം പദ്ധതിയിൽ ഉൾപ്പെടുത്തി 11,760 രൂപ (ബിൽ നം.15/16-17/23.10.2017) പ്ലാൻ ഫണ്ടിൽ നിന്നും തുടർ വിദ്യാഭ്യാസ കലാമേളക്ക് അനുവദിച്ചിട്ടുണ്ട്.സബ്സിഡി മാർഗ്ഗരേഖ ജി.ഒ(എം എസ് )നം.80/2017/ത.സ്വ.ഭ.വ തി.03.04.2017 പ്രകാരം പ്ലാൻ ഫണ്ടിൽ നിന്നും പ്രസ്തുതയിനത്തിൽ തുകയനുവദിയ്ക്കുവാൻ നിലവിൽ വ്യവസ്ഥയില്ലാത്തതാണ്. പ്രസ്തുതയിനത്തിൽ തുക അനുവദിയ്ക്കുന്നതിനാധാരമാക്കിയ സർക്കാർ ഉത്തരവിന്റെ പകർപ്പ് പരിശോധനക്ക് ലഭ്യമാക്കുവാൻ നിർദ്ദേശിച്ചു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്കും (നം. 06/30.11.18) മറുപടി ലഭ്യമാക്കിയിട്ടില്ല. ചെലവുതുക ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-4 <u>മഹാത്മാഗാന്ധി തൊഴിലുറപ്പപദ്ധതി- ജീവനക്കാർക്ക് വേതനം,യാത്രാബത്ത എന്നിവ നൽകാൻ തുക പിൻവലിച്ചത് - ക്രമീകരിച്ചതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ്.</u>

നിലമ്പൂർ ബ്ലോക്ക് പഞ്ചായത്തിലെ മഹാത്മാഗാന്ധി തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെട്ട താഴെ പറയുന്ന ജീവനക്കാർക്ക് 2017-18 വർഷത്തിൽ വേതനം നൽകാൻ സ.ഉ (സാധാ) നം.2941/2017/ത.സ്വ.ഭ.വ തി.26.08.2017 നം.ഉത്തരവ് പ്രകാരം മഹാത്മാഗാന്ധി തൊഴിലുറപ്പപദ്ധതി ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് ജനറൽ പർപ്പസ് ഗ്രാന്റിലേക്ക് തിരിച്ചടച്ചയ്ക്കണമെന്ന വ്യവസ്ഥയിൽ വേതനം,യാത്രാബത്ത എന്നിവ ജനറൽ പർപ്പസ് ഗ്രാന്റിൽ നിന്നും നൽകിയിട്ടുണ്ട് .ആയത് ക്രമീകരിച്ചതിന്റെ വിവരം പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

| ക്രമ നം. | ജീവനക്കാരുടെ പേര് | അനുവദിച്ച തുക | റിമാർക്സ് |
|---|---|---|---|
| 1 | ശ്രീമതി. ഡാലിയ ജോസഫ് , ഡാറ്റ എൻട്രി ഓപ്പറേറ്റർ | 18,500 | 9/17 ലെ വേതനം, വൌച്ചർ നം. 21700397/06.10.17 |

| | | | |
|---|---|---|---|
| 2 | ശ്രീമതി.ദീപാരാജ ,<br>അസി.എഞ്ചിനീയർ | 25,500 | 9/17 ലെ വേതനം,ടി എ,<br>വൌച്ചർ നം.<br>21700397/06.10.17 |
| 3 | ശ്രീമതി.ഡാലിയ ജോസഫ് ,<br>ഡാറ്റ എൻട്രി ഓപ്പറേറ്റർ | 19,000 | 10/17 ലെ വേതനം,ടി എ,<br>വൌച്ചർ നം.<br>21700482/03.11.17 -44,750 |
| 4 | ശ്രീമതി.ദീപാരാജ ,<br>അസി.എഞ്ചിനീയർ | 25,750 | 10/17 ലെ വേതനം,ടി എ,<br>വൌച്ചർ നം.<br>21700482/03.11.17-44,750 |
| 5 | ശ്രീമതി.ഡാലിയ ജോസഫ് ,<br>ഡാറ്റ എൻട്രി ഓപ്പറേറ്റർ | 19,250 | 11/17 ലെ വേതനം,ടി എ,<br>വൌച്ചർ നം.<br>21700540/04.12.17-45,000 |
| 6 | ശ്രീമതി.ദീപാരാജ ,<br>അസി.എഞ്ചിനീയർ | 25,750 | 11/17 ലെ വേതനം,ടി എ,<br>വൌച്ചർ നം.<br>21700540/04.12.17-45,000 |
| 7 | ശ്രീമതി.ഡാലിയ ജോസഫ് ,<br>ഡാറ്റ എൻട്രി ഓപ്പറേറ്റർ | 18,750 | 12/17 ലെ വേതനം,ടി എ,<br>വൌച്ചർ നം.<br>21700605/01.01.18-45,000 |
| 8 | ശ്രീമതി.ദീപാരാജ ,<br>അസി.എഞ്ചിനീയർ | 25,500 | 12/17 ലെ വേതനം,ടി എ,<br>വൌച്ചർ നം.<br>21700605/01.01.18-45,000 |
| 9 | ശ്രീമതി.ഡാലിയ ജോസഫ് ,<br>ഡാറ്റ എൻട്രി ഓപ്പറേറ്റർ | 19,500 | 01/18 ലെ വേതനം,ടി എ,<br>വൌച്ചർ നം.<br>21700617/19.02.18-45,250 |
| 10 | ശ്രീമതി.ദീപാരാജ ,<br>അസി.എഞ്ചിനീയർ | 25,750 | 01/17 ലെ വേതനം,ടി എ,<br>വൌച്ചർ നം.<br>21700605/19.02.18-45,250 |
| 11 | ശ്രീമതി.ഡാലിയ ജോസഫ് ,<br>ഡാറ്റ എൻട്രി ഓപ്പറേറ്റർ | 18,750 | 02/17 ലെ വേതനം,ടി എ,<br>വൌച്ചർ നം.<br>21700675/22.03.18-44,000 |
| 12 | ശ്രീമതി.ദീപാരാജ ,<br>അസി.എഞ്ചിനീയർ | 25,250 | 02/17 ലെ വേതനം,ടി എ,<br>വൌച്ചർ നം.<br>21700675/22.03.18-44,000 |
| | ആകെ | 2,67,250 | |

വിശദാംശങ്ങൾ ആരാഞ്ഞു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്കുള്ള (നം. 20/01.12.2018) മറുപടിയിൽ 2,41,935 രൂപ തിരികെ അടവാക്കിയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കി. അവശേഷിച്ച 25315/- രൂപ കൂടി തിരികെ ലഭ്യമാക്കിയതിന്റെ വിവരം പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

## 3-5 ചുങ്കത്തറ സി എച്ച് സിയിൽ ട്രാൻസ്ഫോർമർ സ്ഥാപിക്കൽ -പൂർത്തീകരണ വിവരം ലഭ്യമാക്കേണ്ടതാണ്.

പ്രോജക്റ്റ് നം. 150/18

ചുങ്കത്തറ സി എച്ച് സിയിൽ ട്രാൻസ്ഫോർമർ സ്ഥാപിക്കൽ

വിനിയോഗിച്ച തുക – 8,95,763 രൂപ (മെയിന്റനൻസ് ഫണ്ട് (നോൺ റോഡ് ))

ബിൽ നം. 20/17-18/ 17.11.17 – 8,95,763 രൂപ

നിർവ്വഹണം - സെക്രട്ടറി ,നിലമ്പൂർ ബ്ലോക്ക് പഞ്ചായത്ത്

പദ്ധതിക്കായി ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയും ,കെ എസ് ഇ ബി അസി.എഞ്ചിനീയർ ഇലക്ട്രിക്കൽ ഡിവിഷൻ ,ചുങ്കത്തറയുമായി 15.01.2018 ന് ഒപ്പുവെച്ച ഉടമ്പടി പ്രകാരം 28.01.2018ന് ചുങ്കത്തറ സി എച്ച് സിയിൽ ട്രാൻസ്ഫോർമർ സ്ഥാപിക്കൽ പ്രവൃത്തി തുടങ്ങി 23.04.2018 ന് പൂർത്തീകരിക്കുന്നതാണെന്നും ,പണി പൂർത്തീകരിച്ച് ഒരാഴ്ചക്കുള്ളിൽ ഫൈനൽ ബില്ലിന്റെ പകർപ്പും പെർഫോർമൻസ് റിപ്പോർട്ടും ,പൂർത്തീകരണ സാക്ഷ്യപത്രവും നിലമ്പൂർ ബ്ലോക്ക് പഞ്ചായത്തിന് നൽകുന്നതാണെന്നും വ്യവസ്ഥ ചെയ്തിരുന്നു. ആയവ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.
വിശദാംശങ്ങൾ ആരാഞ്ഞു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള (നം. 04/30.11.2018)മറുപടിയിൽ പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ലെന്ന മറുപടി ലഭിച്ചു.പണി പൂർത്തീകരിച്ച് ഒരാഴ്ചക്കുള്ളിൽ ഫൈനൽ ബില്ലിന്റെ പകർപ്പും പെർഫോർമൻസ് റിപ്പോർട്ടും, പൂർത്തീകരണ സാക്ഷ്യപത്രവും പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്. ആയത് ലഭ്യമാക്കുന്നത് വരെ ചെലവ് തുക ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 3-6 കേരളോൽസവം അധിക തുക ചെലവഴിച്ചു.

സ.ഉ (സാധാ) നം. 2160/2017/ത.സ്വ.ഭ.വ തി. 28.06.2017 നം. ഉത്തരവ് പ്രകാരം ബ്ളോക്ക് പഞ്ചായത്തുകൾക്ക് കേരളോൽസവം 2017 ന്റെ സംഘാടനത്തിനായി പ്ലാൻ ഫണ്ടിൽ നിന്നോ, ജനറൽ പർപ്പസ് ഗ്രാന്റിൽ നിന്നോ പരമാവധി 1,10,000 രൂപയാണ് ചെലവഴിക്കാവുന്നത് . നിലമ്പൂർ ബ്ളോക്ക് പഞ്ചായത്ത് കേരളോൽസവം 2017 നായി ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമനം. | ചെലവഴിച്ച തുക | ഫണ്ടിനം | റിമാർക്സ് |
|---|---|---|---|
| 1 | 1,08,617 | പ്ളാൻഫണ്ട് | പ്രോജക്റ്റ് നം.6/18 ൽ ഉൾപ്പെടുത്തി അനുവദിച്ച തുക (ബിൽ നം. 27/17-18/17.01.17) |
| 2 | 14,800 | തനത് ഫണ്ട് | ചെക്ക്നം.3309184/08.06.17 (വൗച്ചർ നം. 21700191/14.06.17) |
| 3 | 17,600 | തനത് ഫണ്ട് | ചെക്ക്നം.2598575/31.03.18 (വൗച്ചർ നം. 21700764/31.03.18) |
| | 1,41,017 | | |

തുക ചെലവഴിച്ചതു സംബന്ധിച്ച് ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1).ചെക്ക് നമ്പർ.2598575/31.03.18 (വൗച്ചർ നം. 21700764/31.03.18) പ്രകാരം 17,600 രൂപ ചെലവഴിച്ചതിന്റെ ചെലവു രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയില്ല.

2).പദ്ധതിക്കായി യുവജനക്ഷേമ ബോർഡിൽ നിന്നും തുക ലഭ്യമായതിന്റെ വിശദാംശങ്ങൾ പരിശോധനക്ക് ലഭ്യമാക്കിയില്ല.

3).മേൽ ക്രമനം. ഒന്ന് പ്രോജക്റ്റിൽ ഉൾപ്പെടുത്തി 15,254 രൂപ വിനിയോഗിച്ച് നാഷണൽ സ്പോർട്സ് ആന്റ്

ടോയ്സ്, നിലമ്പൂർ എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങിയ സ്പോർട്സ് ഉപകരണങ്ങളുടെ സ്റ്റോക്ക് വിവരം പരിശോധനക്ക് ലഭ്യമാക്കിയില്ല.

അപാകതകൾ പരാമർശിച്ച കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്കും മറുപടി ലഭ്യമാക്കിയില്ല. ചെലവുതുക 1,41,017 രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 3-7 ചക്കുറ്റി- മൂണ്ടേപ്പാടം ഇറിഗേഷൻ പദ്ധതി - അപാകതകൾ

പ്രോജക്റ്റ് നം. 12 2/18

ചക്കുറ്റി- മൂണ്ടേപ്പാടം ഇറിഗേഷൻ പദ്ധതി- ചുങ്കത്തറ ഗ്രാമപഞ്ചായത്ത്

വിനിയോഗിച്ച തുക – 9,84,181 (രൂപ പ്ലാൻ ഫണ്ട്)

ബിൽ നം. 38/17-18/ 22.02.18 – 9,84,181രൂപ

നിർവ്വഹണം - സെക്രട്ടറി ,നിലമ്പൂർ ബ്ലോക്ക് പഞ്ചായത്ത്

കൃഷിയ്ക്കുവേണ്ട ജലലഭ്യത ഉറപ്പാക്കുന്നതിനു വേണ്ടി ട്രാൻസ്ഫോർമർ, സ്ഥാപിയ്ക്കുന്നതാണ് പദ്ധതിയിൽ വിഭാവനം ചെയ്തിട്ടുള്ളത്. തുക കെ എസ് ഇ ബി ഇലക്ട്രിക്കൽ ഡിവിഷൻ ചുങ്കത്തറയിൽ ഡെപ്പോസിറ്റ് ചെയ്യുകയാണ് ചെയ്തിട്ടുള്ളത്. ഇതു സംബന്ധിച്ച് താഴെ പറയുന്ന വിശദാംശങ്ങൾ ഓഡിറ്റിന് പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

1)പദ്ധതിയ്ക്കായി കെ എസ് ഇ ബിയുമായി ഉടമ്പടിവെച്ചതിന്റെയും പ്രവൃത്തി പൂർത്തീകരിച്ചതിന്റെയും വിശദാംശങ്ങൾ.

2)നിലവിൽ പദ്ധതിയ്ക്കായി പമ്പ് ഹൗസ് നിർമ്മിച്ചിട്ടില്ല എന്നും സർവ്വീസ് കണക്ഷൻ പ്രവൃത്തിയിൽ ഉൾപ്പെടുത്തിയിട്ടില്ലാ എന്നും ,ഇതിൽ ഉൾപ്പെടാത്ത പ്രവൃത്തികൾക്ക് സ്പെഷ്യൽ എസ്റ്റിമേറ്റ് തയ്യാറാക്കുവാനും കെ എസ് ഇ ബി അസി. എഞ്ചിനീയർ എസ്റ്റിമേറ്റ് റിപ്പോർട്ടിൽ നിർദ്ദേശിച്ചിട്ടുണ്ട്.അപ്രകാരം നടപടികൾ പൂർത്തീകരിച്ചതിന്റെ വിശദാംശങ്ങൾ ആരാഞ്ഞുകൊണ്ട് നൽകിയ 3/03-12-18 നമ്പർ ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ, കെ എസ് ഇ ബി യുമായി ഉടമ്പടി വെച്ചതിന്റ വിവരം ലഭ്യമാക്കി. 19.04.18നാണ് ഉടമ്പടി വെയ്ക്കുന്നത്. (നം. 12/18) പ്രവൃത്തി എന്ന് പൂർത്തീകരിയ്ക്കുമെന്ന് ഉടമ്പടിയിൽ വ്യക്തമാക്കിയിട്ടില്ല. അപാകതകൾക്ക് കാരണം വ്യക്തമാക്കേണ്ടതും, പ്രവൃത്തി പൂർത്തീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്. ചെലവു തുക ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 3-8 വൗച്ചറുകൾ പരിശോധനക്ക് ലഭ്യമാക്കിയില്ല

നിലമ്പൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 2017-18 വർഷത്തെ ജനറൽ പർപ്പസ് ഗ്രാന്റിൽ നിന്നും നടത്തിയ താഴെ പറയുന്ന ചെലവ് വൗച്ചറുകൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

| ക്രമനം. | വൗച്ചർ നം./ തീയ്യതി | തുക |
|---|---|---|
| 1 | 21700001/12.04.17 | 17,550 |
| 2 | 21700006/06.05.17 | 1,79,761 |
| 3 | 21700166/02.06.17 | 9,900 |
| 4 | 21700012/07.07.17 | 29,801 |
| 5 | 21700018/25.08.17 | 1,13,800 |
| 6 | 21700571/31.01.18 | 16,603 |
| 7 | 21700572/31.01.18 | 9,205 |
| 8 | 21700573/31.01.18 | 3,133 |

| | | |
|---|---|---|
| 9 | 21700567/31.01.18 | 145 |
| 10 | 21700568/31.01.18 | 369 |
| 11 | 21700569/31.01.18 | 475 |
| 12 | 21700570/31.01.18 | 700 |

ആയത് അടിയന്തിരമായി ലഭ്യമാക്കേണ്ടതാണെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം. 24/01.12.2018) മറുപടി ലഭ്യമാക്കിയിട്ടില്ല. ചെലവുതുക 3,81,441 രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 3-9 വിവിധ ചെലവുകൾ - വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

2017-18 വർഷത്തിൽ ജനറൽ പർപ്പസ് ഗ്രാന്റിൽ നിന്നും നടത്തിയ താഴെ പറയുന്ന ചെലവുകൾ സംബന്ധിച്ച വിശദാംശങ്ങൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

| ക്രമനം | ചെക്ക് നം./ വൗച്ചർ നം. | ചെലവഴിച്ച തുക | റിമാർക്സ് |
|---|---|---|---|
| 1 | 1564278/18.05.17<br>21700166/02.06.17 | 9900 | ചുങ്കത്തറ ഇൻഡസ്ട്രിയൽ കോ.ഓപ്പ് സൊസൈറ്റിക്ക് പ്രിന്റിംഗ് ചാർജ്ജ് ഇനത്തിൽ നൽകിയ തുക<br>- ചെലവുരേഖകൾ ലഭ്യമാക്കേണ്ടതാണ്. |
| 2 | 4131581/20.07.17<br>21700255/20.07.17 | 1,13,845 | ചുങ്കത്തറ സി എച്ച് സി മെയിന്റനൻസ് പ്രവൃത്തി പൂർത്തീകരിച്ചതിനാൽ റീറ്റെൻഷൻ തുക അസി. എക്സി.എഞ്ചിനീയർക്ക് തിരികെ നൽകിയത്<br>- തുക ബ്ലോക്ക് പഞ്ചായത്തിൽ അടവാക്കിയതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ്. |
| 3 | 5598503/23.09.17<br>21700380/23.09.17 | 7,32,435 | ചുങ്കത്തറ സി എച്ച് സി മാതൃശിശു സംരക്ഷണകേന്ദ്രം നിർമ്മാണം പ്രവൃത്തി പൂർത്തീകരിച്ചതിനാൽ റീറ്റെൻഷൻ തുക അസി. എക്സി.എഞ്ചിനീയർക്ക് തിരികെ നൽകിയത്<br>- തുക ബ്ലോക്ക് പഞ്ചായത്തിൽ അടവാക്കിയതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ്. |
| 4 | 2598536/01.12.17<br>21700540/04.12.17 | 48,000 | 2016-17 വർഷത്തിൽ പി എം എ വൈ പദ്ധതി പ്രകാരം വീട് നൽകിയ ശ്രീ. ഗോപകുമാർ .മംഗലത്ത്,ഉദിരകുളം ,ഉപ്പട എന്ന വ്യക്തിക്ക് 07.02.17ന് ഒന്നാംഗഡു തുക അനുവദിച്ചത് അക്കൗണ്ട് നം.തെറ്റായി ചേർത്തതിനാൽ തുക ലഭിക്കാതെ വരികയും ,തുക പിന്നീട് കൊല്ലം ജില്ലയിലെ കൊട്ടിയം ശാഖയിൽ |

| | | | |
|---|---|---|---|
| | | | ഉള്ളതായി അറിവുലഭിയ്ക്കുകയും ചെയ്തു. ഗുണഭോക്താവിന്റെ സാമ്പത്തിക ബുദ്ധിമുട്ട് പരിഗണിച്ച് ബ്ലോക്ക് പഞ്ചായത്ത്ഭരണസമിതിയുടെ 10.11.17ലെ 7/1 നം. തീരുമാനപ്രകാരം തുക തനത് ഫണ്ടിൽ നിന്നും നൽകുവാനും, ടിയാൾക്ക് പദ്ധതി പ്രകാരം തുക ലഭ്യമാകുമ്പോൾ തിരികെ തനത്ഫണ്ടിലേക്ക് വരവുവെയ്ക്കാനും തീരുമാനിച്ച് തുക നൽകി.<br>- തുക തിരികെ തനത്ഫണ്ടിലേക്ക് വരവുവെച്ചതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ്. |
| 5 | 2598533/23.11.2017<br>21700508/24.11.17 | 1,08,185 | എൻ ആർ ഇ ജി എസ് പദ്ധതിയിൽ വിത്ത് വാങ്ങുന്നതിനായി , ഫണ്ട് ലഭ്യമല്ലാത്തതിനാൽ ,ഫണ്ട് ലഭ്യമാകുന്നമുറക്ക് ജനറൽ പർപ്പസ് ഗ്രാന്റിലേക്ക് തിരികെ അടവാക്കുമെന്ന വ്യവസ്ഥയിൽ താൽക്കാലികമായി നൽകിയ തുക<br>- തുക തിരികെ ജനറൽ പർപ്പസ് ഗ്രാന്റിലേക്ക് അടവാക്കിയതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ്. |
| 6 | 2598515/13.10.17<br>21700448/13.10.17 | 5564 | എൻ ആർ ഇ ജി എസ് പദ്ധതിയിൽ 'നെഴ്സറി നിർമ്മാണം,ബ്ലോക്ക്തല പരിശീലന പരിപാടിക്ക് നൽകിയതുക എൻ ആർ ഇ ജി എസ് ഫണ്ട് ലഭ്യമല്ലാത്തതിനാൽ ,ഫണ്ട് ലഭ്യമാകുന്നമുറക്ക് ജനറൽ പർപ്പസ് ഗ്രാന്റിലേക്ക് തിരികെ അടവാക്കുമെന്ന വ്യവസ്ഥയിൽ താൽക്കാലികമായി നൽകിയ തുക<br>- തുക തിരികെ ജനറൽ പർപ്പസ് ഗ്രാന്റിലേക്ക് അടവാക്കിയതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ്. |
| 7 | 2598544/04.01.2018<br>21700604/31.01.18 | 5760 | അസി.എക്സി.എഞ്ചിനീയർ കെ എസ് ഇ ബി ,നിലമ്പൂരിന് കറണ്ട് ചാർജ്ജ് ഇനത്തിൽ നൽകിയ തുക<br>- ചെലവിന്റെ വിശദാംശങ്ങൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്. |
| 8 | 2598549/19.01.18<br>21700587/31.01.18 | 8768 | എൻ ആർ ഇ ജി എസ് പദ്ധതിയിൽ ഉൾപ്പെട്ട വിവിധ ചെലവുകൾക്ക് ഫണ്ട് |

| | | | |
|---|---|---|---|
| | | | ലഭ്യമാകുന്നമുറക്ക് ജനറൽ പർപ്പസ് ഗ്രാന്റിലേക്ക് തിരികെ അടവാക്കുമെന്ന വ്യവസ്ഥയിൽ താൽക്കാലികമായി നൽകിയ തുക.<br>- തുക തിരികെ ജനറൽ പർപ്പസ് ഗ്രാന്റിലേക്ക് അടവാക്കിയതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ്. |
| 9 | 2598574/27.03.18<br>21700762/27.03.18 | 26,210 | എൻ ആർ ഇ ജി എസ് പദ്ധതിയിൽ ഉൾപ്പെട്ട വിവിധ ചെലവുകൾക്ക് ഫണ്ട് ലഭ്യമാകുന്നമുറക്ക് ജനറൽ പർപ്പസ് ഗ്രാന്റിലേക്ക് തിരികെ അടവാക്കുമെന്ന വ്യവസ്ഥയിൽ താൽക്കാലികമായി നൽകിയ തുക.<br>- തുക തിരികെ ജനറൽ പർപ്പസ് ഗ്രാന്റിലേക്ക് അടവാക്കിയതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ്. |
| 10 | 2598555/05.0218<br>21700619/19.02.18 | 45,250 | സി എച്ച് സി ചുങ്കത്തറയ്ക്ക് കണ്ടിജന്റ് ചെലവുകൾക്കായി അഡ്വാൻസ് നൽകിയ തുക<br>- ചെലവുരേഖകൾ ലഭ്യമാക്കേണ്ടതാണ്. |
| 11 | 3309186/09.06.17<br>21700012/07.07.17 | 3360 | SHMG VHSS എടവണ്ണയിലെ വിദ്യാർത്ഥികൾക്ക് ജോബ് ടെയിനിംഗിന് റീഫ്രഷ്മെന്റ് ചാർജ്ജിനത്തിൽ നൽകിയ തുക<br>- തുക ചെലവഴിച്ചതിന്റെ ഉദ്ദേശ്യം വ്യക്തമല്ല.വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്. |
| 12 | 2598547/18.01.18<br>21700574/03.01.18 | 1728 | -മാലിന്യമുക്തചാലിയാർ പദ്ധതിയുടെ ഓറിയന്റേഷൻ ക്ലാസിന് (06.12.17 ന്)ചെക്ക് ആന്റ് ചാർജ്ജ് ഇൻസ്പെക്ടർമാർക്ക് റീഫ്രഷ്മെന്റ് ചെലവുകൾക്ക് നൽകിയ തുക |
| 13 | 2598552/29.01.18<br>21700621/19.02.18 | 1728 | -മാലിന്യമുക്തചാലിയാർ പദ്ധതിയുടെ ഓറിയന്റേഷൻ ക്ലാസിന് (06.12.17 ന്)ചെക്ക് ആന്റ് ചാർജ്ജ് ഇൻസ്പെക്ടർമാർക്ക് റീഫ്രഷ്മെന്റ് ചെലവുകൾക്ക് നൽകിയ തുക<br>- മേൽ ഒരേ ആവശ്യത്തിന് രണ്ടുതവണ തുക മാറി ഈ ഓഫീസിലെ ജി ഇ ഒ ശ്രീ.ബിനുകര്യന് നൽകിയിട്ടുണ്ട്. 1728 രൂപ തിരികെ ഈടാക്കി വിവരം |

| | | | |
|---|---|---|---|
| | | | അറിയിക്കേണ്ടതാണ്. |

വിശദാംശങ്ങൾ ആരാഞ്ഞു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്കും(നം. 13/01.12.2018)മറുപടി ലഭ്യമാക്കിയില്ല.ആയത് ലഭ്യമാക്കേണ്ടതാണ്. അതുവരെയും ചെലവഴിച്ച 11,07,277രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു. ക്രമനം. 12, 13 ൽ അധികമായി ചെലവഴിച്ച 1728 രൂപ ശ്രീ. ബിനു കുര്യൻ ജി ഇ ഒ യിൽ നിന്നും ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 3-10 കോട്ടേപ്പാടം ഇറിഗേഷൻ പദ്ധതി - അപാകതകൾ

പ്രോജക്റ്റ് നം. 123/18

കോട്ടേപ്പാടം ഇറിഗേഷൻ പദ്ധതി- ചുങ്കത്തറ ഗ്രാമപഞ്ചായത്ത്

വിനിയോഗിച്ച തുക – 20,43,819 (രൂപ പ്ലാൻ ഫണ്ട് )

ബിൽ നം. 37/17-18/ 22.02.18 – 12,36,036 രൂപ

ബിൽ നം. 49/17-18/ 16.03.18 – 8,07,783 രൂപ

നിർവ്വഹണം - സെക്രട്ടറി ,നിലമ്പൂർ ബ്ലോക്ക് പഞ്ചായത്ത്

കൃഷിയ്ക്കുവേണ്ടി നടപ്പിലാക്കിയ ഈ ജലസേചന പദ്ധതിക്ക് ആവശ്യമായ ട്രാൻസ്ഫോർമർ, മോട്ടോർ അനുബന്ധ സാമഗ്രികൾ എന്നിവ വാങ്ങി സ്ഥാപിയ്ക്കുന്നതാണ് പദ്ധതിയിൽ വിഭാവനം ചെയ്തിട്ടുള്ളത്. ഇതു സംബന്ധിച്ച താഴെ പറയുന്ന വിശദാംശങ്ങൾ ഓഡിറ്റിന് പരിശോധനക്ക് ലഭ്യമാക്കേണ്ടതിന് എൻക്വയറി നൽകി.

1).പദ്ധതിയ്ക്കായി തയ്യാറാക്കിയ എസ്റ്റിമേറ്റ്

2).ബിൽ നം. 37/17-18/ 22.02.18 – 12,36,036 രൂപ കെ എസ് ഇ ബി ഇലക്ട്രിക്കൽ ഡിവിഷൻ എടക്കരയിൽ ഡെപ്പോസിറ്റ് ചെയ്യുകയാണ് ചെയ്തിട്ടുള്ളത്. കെ എസ് ഇ ബി അസി.എഞ്ചിനീയർ എടക്കരയുടെ 08.02.2018 തീയ്യതിയിലെ DB102/17-18/AE/EDKനം.പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള പ്രവൃത്തികൾ സംബന്ധിച്ച കത്തിന്റെ അടിസ്ഥാനത്തിൽ തുക നൽകുകയാണ് ചെയ്തിട്ടുള്ളത്. പദ്ധതിയ്ക്കായി കെ എസ് ഇ ബിയുമായി ഉടമ്പടിവെച്ചതിന്റെയും പ്രവൃത്തി പൂർത്തീകരിച്ചതിന്റെയും വിശദാംശങ്ങൾ

3).ബിൽ നം. 49/17-18/ 16.03.18 – 8,07,783 രൂപ പ്രകാരം റെയ്ഡ്കോ, നിലമ്പൂരിന് പദ്ധതിയ്ക്കായി പൈപ്പുകൾ സ്ഥാപിക്കുന്നതിനും, ഉപകരണങ്ങളുടെയും ചാർജ്ജിനത്തിൽ അനുവദിച്ചതാണ്. പ്രവൃത്തി പൂർത്തീകരിച്ചതിന്റെയും, പദ്ധതി മോണിറ്ററിംഗ് നടത്തിയതിന്റെയും വിശദാംശങ്ങൾ.

അപാകതകൾ പരാമർശിച്ചു കൊണ്ട് നൽകിയ പ്രസ്തുത ഓഡിറ്റ് എൻക്വയറിക്കുള്ള (നം. 5/30.11.18) മറുപടിയിൽ കെ എസ് ഇ ബി യുടെ പ്രവൃത്തി പൂരിത്തീകരിച്ചതിന്റെ പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാക്കി. എന്നാൽ മേൽ ക്രമ നം.3-ൽ പരാമർശിച്ച അപാകത സംബന്ധിച്ച് മറുപടി ലഭ്യമാക്കിയില്ല. തൻമൂലം ചെലവു തുക 8,07,783 രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 3-11 മാലിന്യമുക്തചാലിയാർ പദ്ധതി - അപാകതകൾ

പ്രോജക്റ്റ് നം. 07/18

മാലിന്യമുക്തചാലിയാർ പദ്ധതി

അടങ്കൽ - 34,88,100 (വികസനഫണ്ട്)

- 16,42,367 (മികച്ച തദ്ദേശഭരണ സ്ഥാപനമായി തെരഞ്ഞെടുക്കപ്പെട്ടതിന് ലഭിച്ച തുക)

ആകെ - 51,30,467

വിനിയോഗിച്ച തുക – 35,87,448 രൂപ

ബിൽ നം. 13/17-18/ 22.08.17 – 7,10,975രൂപ

ബിൽ നം. 14/17-18/ 22.08.17 – 6,02,900രൂപ

ബിൽ നം. 50/17-18/ 19.03.18 – 8,10,000രൂപ

ബിൽ നം. 51/17-18/ 19.03.18 – 11,18,943രൂപ

ബിൽ നം. 61/17-18/ 28.03.18 – 2,45,282രൂപ

ആകെ - 34,88,100

ചെക്ക് നം. /തീയ്യതി -2598575/31.03.2018 - 56,248

ചെക്ക് നം. /തീയ്യതി -2598518/23.10.2017 - 43,100

ആകെ - 99,348

നിർവ്വഹണം - സെക്രട്ടറി , നിലമ്പൂർ ബ്ലോക്ക് പഞ്ചായത്ത്

നിലമ്പൂർ ബ്ലോക്ക് പഞ്ചായത്തിന്റെ നേതൃത്വത്തിൽ ബ്ലോക്ക് പഞ്ചായത്തിന്റെ പരിധിയിലുള്ള ഗ്രാമപഞ്ചായത്തുകളുമായി ചേർന്ന് നിലമ്പൂർ മേഖലയിലെ പ്രധാന നദിയായ ചാലിയാറും അതിന്റെ പോഷക നദികളും അതിലേക്കുള്ള നീർചാലുകളും മാലിന്യമുക്തമാക്കി, എല്ലാ ജലസ്രോതസ്സുകളും സംരക്ഷിക്കുന്ന ഒരു സംസ്കാരം തിരിച്ചു പിടിക്കുകയും അതുവഴി ഈ മേഖലയിലെ വികസനത്തിനും ആരോഗ്യപരിപാലനത്തിനും പുതിയ മാനം കണ്ടെത്തുകയുമാണ് ഈ പദ്ധതിയുടെ ലക്ഷ്യം. ബഹുവർഷ പദ്ധതിയായി നടപ്പാക്കാൻ ഉദ്ദേശിച്ചിട്ടുള്ള ഇതിന്റെ മാസ്റ്റർ പ്ലാൻ ഇൻറർഗ്രേറ്റഡ് റൂറൽ ടെക്നോളജി സെന്റർ (ഐ.ആർ.ടി.സി) മുണ്ടൂർ പാലക്കാട് മുഖേന മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുണ്ട്.

ഓരോ വർഷത്തേക്കും തയ്യാറാക്കുന്ന പദ്ധതി പ്രകാരം നിർവ്വഹണം നടത്തുകയാണ് ചെയ്തുവരുന്നത്. പൊതു ആവശ്യത്തിന് ഉപകരണങ്ങൾ വാങ്ങൽ, സംസ്കരണ സ്ഥലത്തേക്ക് മാലിന്യങ്ങൾ കൊണ്ടുപോകൽ, മാലിന്യസംസ്കരണ പ്ലാൻറ് സ്ഥാപിക്കൽ, പദ്ധതിയ്ക്കായി ഡി പി ആർ തയ്യാറാക്കൽ എന്നിവയാണ് മേൽ പദ്ധതിയിൽ 2017-18 വർഷം വിഭാവനം ചെയ്തിട്ടുള്ളത്.

പദ്ധതി സംബന്ധിച്ച് ഓഡിറ്റിൽ കണ്ടെത്തിയിട്ടുള്ള അപാകതകൾ ചുവടെ ചേർക്കുന്നു.

1)ഗ്രാമപഞ്ചായത്തുകളുമായി ചേർന്ന് നടപ്പിലാക്കുവാനാണ് പദ്ധതി വിഭാവനം ചെയ്തതെങ്കിലും കഴിഞ്ഞ രണ്ട് വർഷമായി ഗ്രാമപഞ്ചായത്തുകളുടെ പങ്കാളിത്തം കൂടാതെയാണ് പദ്ധതി തയ്യാറാക്കി നടപ്പിലാക്കിയിട്ടുള്ളത്. പദ്ധതിക്കായി തുക വിനിയോഗിക്കുന്നതിനായി താത്പര്യം പ്രകടിപ്പിച്ചുകൊണ്ട് ഗ്രാമപഞ്ചായത്തുകളിൽ നിന്നുള്ള കത്തുകൾ ലഭ്യമായിട്ടുണ്ടെങ്കിലും സംയുക്ത പദ്ധതി തയ്യാറാക്കാത്തതിനാൽ ഗ്രാമപഞ്ചായത്തുകളുടെ വിഹിതം വിനിയോഗിക്കാൻ സാധിച്ചിട്ടില്ല. ചുങ്കത്തറ ഗ്രാമപഞ്ചായത്തിൽ നിന്നും 10,00,000രൂപ തനത് വർഷത്തിൽ ലഭ്യമായതും വിനിയോഗിക്കുവാൻ സാധിച്ചിട്ടില്ല.

2) ബിൽ നം. 50/17-18/ 19.03.18 പ്രകാരം 8,10,000രൂപ 1*100KVA ട്രാൻസ്ഫോർമർ സ്ഥാപിക്കുന്നതിനായി കെ എസ് ഇ ബി ഇലക്ട്രിക്കൽ ഡിവിഷൻ എടക്കരയിൽ ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. എന്നാൽ കെ എസ് ഇ ബി യുമായി ഉടമ്പടി വെച്ചതിന്റെയും പ്രവൃത്തി പൂർത്തീകരിച്ചതിന്റെയും വിശദാംശങ്ങൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

3)ബിൽ നം. 51/17-18/ 19.03.18 പ്രകാരം 11,18,943രൂപ ലൈൻ വലിയ്ക്കുന്നതിനായി കെ എസ് ഇ ബി ഇലക്ട്രിക്കൽ ഡിവിഷൻ എടക്കരയിൽ ഡെപ്പോസിറ്റ് ചെയ്തു. എന്നാൽ കെ എസ് ഇ ബിയുമായി ഉടമ്പടിവെച്ചതിന്റെയും പ്രവൃത്തി പൂർത്തീകരിച്ചതിന്റെയും വിശദാംശങ്ങൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

പൊതു ആവശ്യത്തിന് ഉപകരണങ്ങൾ വാങ്ങൽ, സംസ്കരണ സ്ഥലത്തേക്ക് മാലിന്യങ്ങൾ കൊണ്ടു പോകൽ, മാലിന്യ സംസ്കരണ പ്ലാൻറ് സ്ഥാപിക്കൽ, പദ്ധതിയ്ക്കായി ഡി പി ആർ തയ്യാറാക്കൽ എന്നിവയാണ് തനത് വർഷത്തിൽ പ്രൊജക്റ്റിൽ വിഭാവനം ചെയ്തിട്ടുള്ളതെങ്കിലും ആയതിനു വിരുദ്ധമായി 11കെ.വി ലൈൻ വലിക്കുന്ന ആവശ്യത്തിലേക്ക് പ്രൊജക്റ്റ് റിവൈസ് ചെയ്ത് അംഗീകാരം വാങ്ങാതെ തുക വിനിയോഗിച്ചത് ക്രമപ്രകാരമല്ല. അപാകതയ്ക്ക് കാരണം വ്യക്തമാക്കേണ്ടതാണ്.

3)ബിൽ നം. 13/17-18/ 22.08.17 പ്രകാരം 7,10,975രൂപ മെറ്റീരിയൽ റിക്കവറി ഫെസിലിറ്റേഷൻ സെന്റർ ചുങ്കത്തറ ഗ്രാമപഞ്ചായത്തിലെ പൂച്ചക്കുത്തിൽ നിർമ്മിയ്ക്കുന്നതിനായി വിനിയോഗിച്ചിട്ടുണ്ട്. എന്നാൽ കേന്ദ്രം പണി കഴിപ്പിച്ചിട്ടുള്ളത് ബ്ലോക്ക് പഞ്ചായത്തിന്റെ ആസ്തിയിലാണോയെന്ന് വ്യക്തമല്ല. ആസ്തി രജിസ്റ്റർ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. കേന്ദ്രം നാളിതുവരെയും പ്രവർത്തനസജ്ജമായിട്ടുമില്ല.

4)ചെക്ക് നം. /തീയ്യതി -2598518/23.10.2017 പ്രകാരം 43,100രൂപ പ്രിന്റിംഗ് ചാർജ്ജ് ഇനത്തിൽ ചുങ്കത്തറ പ്രിൻറിംഗ് വർക്കേഴ്സ് കോ-ഓപ്പറേറ്റീവ് സൊസൈറ്റിക്ക് നൽകിയതാണ്. എന്നാൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ സാധനങ്ങളും സേവനങ്ങളും സമാഹരിയ്ക്കൽ മാർഗ്ഗരേഖ, ജി.ഒ(പി)നം. 259/2010/ത.സ്വ.ഭ.വ തി. 08.11.2010 പ്രകാരവും 2013 ലെ കേരള സ്റ്റോർ പർച്ചേസ് മാന്വൽ പ്രകാരവും 15,000 രൂപയ്ക്കു മുകളിൽ 1,00,000 രൂപ വരെയുള്ള സാധനങ്ങളും സേവനങ്ങളും സമാഹരിയ്ക്കുന്നത് ക്വട്ടേഷൻ മുഖേനയായിരിയ്ക്കണമെന്ന് നിഷ്കർഷിച്ചിട്ടുള്ളതാണ്. ആയത് പാലിച്ചിട്ടില്ല.

5)ക്ലീൻ കേരള കമ്പനി ലിമിറ്റഡ്, തിരുവനന്തപുരവുമായി 30.03.17ന് ഒപ്പുവെച്ച എഗ്രിമെന്റ് പ്രകാരം മെറ്റീരിയൽ റിക്കവറി ഫെസിലിറ്റേഷൻ സെന്ററിൽ ഒരു പ്ലാസ്റ്റിക് ഷ്രെഡിംഗ് മെഷീൻ സ്ഥാപിയ്ക്കുവാനും, കുടുംബശ്രീ യൂനിറ്റുകളുടെ സഹായത്തോടെ വേസ്റ്റ് പ്ലാസ്റ്റിക് ലഭ്യമാക്കി പ്രവർത്തന സജ്ജമാക്കാനും പദ്ധതിയിടുകയും, ക്ലീൻ കേരള കമ്പനിയുടെ 30.03,17 ലെ നം.C33/T1-R1/CKCL/NLBR/2007-1 രശീതി പ്രകാരം 3,70,000 രൂപ കമ്പനി കൈപ്പറ്റിയതിന്റെ രശീതിയും ഫയലിൽ ഉണ്ട്. എന്നാൽ, പ്ലാസ്റ്റിക് ഷ്രെഡിംഗ് മെഷീൻ സ്ഥാപിച്ചോയെന്ന് വ്യക്തമല്ല. കൂടാതെ, 3,70,000 രൂപ അനുവദിച്ചതിന്റെ വിവരവും ലഭ്യമാക്കിയിട്ടില്ല.

അപാകതകൾ പരാമർശിച്ചു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്കും (നം.25/01.12.2018)മറുപടി ലഭ്യമാക്കിയിട്ടില്ല. ചെലവുതുക 35,87,448 രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 3-12 അതുല്യം (ഭിന്നശേഷിക്കാരുടെ പുനരധിവാസം)പദ്ധതി - അപാകതകൾ

പ്രോജക്റ്റ് നം. 100/17

അതുല്യം(ഭിന്നശേഷിക്കാരുടെ പുനരധിവാസം) പദ്ധതി

വിനിയോഗിച്ച തുക – 7,26,389 (രൂപ പ്ലാൻ ഫണ്ട് )

ബിൽ നം. 01/17-18/ 28.03.18 – 7,26,389 രൂപ

നിർവ്വഹണം - സി ഡി പി ഒ ,നിലമ്പൂർ ബ്ലോക്ക് പഞ്ചായത്ത്

നിലമ്പൂർ ബ്ലോക്ക് പഞ്ചായത്തിലെ ഭിന്നശേഷിക്കാരുടെ പുനരധിവാസം ലക്ഷ്യമിട്ട് 2016ലെ പേഴ്സൺ വിത്ത് ഡിസ്എബിലിറ്റീസ് ആക്റ്റ് പ്രകാരമുള്ള വിവിധ ഇനങ്ങളിലെ ഭിന്നശേഷിക്കാരെ കണ്ടെത്തി അവരുടെ പുനരധിവാസമാണ് ബഹുവർഷ പദ്ധതിയിലൂടെ ലക്ഷ്യമിട്ടിട്ടുള്ളത്. ഈ ആവശ്യത്തിലേക്ക് ഐ സി ഡി എസുകൾ മുഖേന നിലമ്പൂർ ബ്ലോക്ക് പഞ്ചായത്തിനു കീഴിലെ ഗ്രാമപഞ്ചായത്തുകളിൽ വിശദമായ സർവ്വേനടത്തി 18വയസ്സിനു താഴെയുള്ള ഭിന്നശേഷിക്കാരുടെ വിവരങ്ങൾ ശേഖരിച്ച് 24.03.18,25.03.2018 തീയ്യതികളിൽ ചുങ്കത്തറ എംപിഎം ഹൈസ്കൂളിൽ വെച്ച് ആൾ ഇന്ത്യാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പീച്ച് ആന്റ് ഹിയറിംഗ്, മൈസൂർ എന്ന സ്ഥാപനം മുഖേന മെഡിക്കൽ ക്യമ്പ് നടത്തി ഭിന്നശേഷി സംബന്ധിച്ച് നിർണ്ണയം നടത്തുന്നതിനും അനുബന്ധമായ മറ്റ് പരിശീലന പരിപാടികൾക്കും പണം ചെലവഴിയ്ക്കുകയാണ് 2017-18 വർഷത്തിൽ പ്രോജക്റ്റിൽ ചെയ്തിട്ടുള്ളത് .

പദ്ധതി സംബന്ധിച്ച് ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1).1994 ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റ് 172-ാംവകുപ്പ് 1-ാം ഉപവകുപ്പ് നാലാം പട്ടിക പ്രകാരം

ഗ്രാമപഞ്ചായത്തിന്റെ പദ്ധതികൾ കണക്കിലെടുത്ത ശേഷം പദ്ധതികൾ തയ്യാറാക്കുകയും ബാക്ക് വേർഡ് ,ഫോർവേർഡ് ലിങ്കേജ് നൽകുകയും ചെയ്യുക എന്നതാണ് ബ്ലോക്ക് പഞ്ചായത്തുകളുടെ പൊതുവായ ചുമതലയിൽ പെടുന്നത്. സബ്സിഡി മാർഗ്ഗരേഖ ജി ഒ(എം എസ് )നം. 80/2017/ത.സ്വ.ഭ.വ തി. 03.04.2017 പ്രകാരം ഗ്രാമപഞ്ചായത്തുകൾ ആരംഭിക്കുന്ന ബഡ്സ് സ്കൂളുകൾ / പുനധിവാസകേന്ദ്രങ്ങൾക്ക് ബ്ലോക്ക് പഞ്ചായത്തുകൾക്ക് വിഹിതം നൽകാവുന്നതാണ്. ഭിന്നശേഷിക്കാരുടെ ഡാറ്റാ ബേസ് മാനേജ്മെൻറ് സാമൂഹ്യനീതി വകുപ്പ് ചെയ്യേണ്ടതാണ്. ഗ്രാമപഞ്ചായത്തുകൾക്ക് ഡാറ്റാ ബേസ് നവീകരിക്കുന്നതിനും സൂക്ഷിക്കുന്നതിനും നടപടി സ്വീകരിക്കാവുന്നതാണ്. കൂടാതെ, ഗ്രാമപഞ്ചായത്തുതലത്തിൽ ശാരീരിക വെല്ലുവിളിനേരിടുന്നവർക്ക് നടത്തുന്ന ഉപകരണങ്ങളുടെ ആവശ്യകതാ നിർണ്ണയ ക്യാമ്പിന് ബ്ലോക്ക് പഞ്ചായത്തുകൾക്ക് വിഹിതം നൽകാവുന്നതുമാണ്.ആയതിനാൽ ബ്ലോക്ക് പഞ്ചായത്തുകൾക്ക് ഏറ്റെടുക്കാവുന്ന ഒരു പദ്ധതിയല്ല നടപ്പിലാക്കിയിട്ടുള്ളത് എന്ന് കാണുന്നു. പദ്ധതി നടപ്പിലാക്കുന്നതിന് സർക്കാർ അനുമതി ലഭ്യമായിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

2).ബഹുവർഷ പ്രോജക്ടായി നടപ്പിലാക്കുന്ന പദ്ധതിക്ക് കൃത്യമായ രൂപരേഖ നാളിതുവരെയും തയ്യാറാക്കിയിട്ടില്ല. മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിനായി ഒരു ഏജൻസിയെ ചുമതലപ്പെടുത്തുന്നതിനായി തീരുമാനിച്ചിട്ടുണ്ടെങ്കിലും ആയതിന്റെ തുടർ നടപടി വിവരം ഫയലിൽ ലഭ്യമല്ല.

2017-18 വർഷത്തെ പ്രോജക്റ്റ് നം.1/17 പ്ലാൻ ഫോർമുലേഷൻ, ഇംപ്ലിമെന്റേഷൻ, മോണിറ്ററിംഗ് പദ്ധതിയിൽ ബിൽ നം.16/17-18/27.10.2017 പ്രകാരം ചെലവഴിച്ച 1,61,581 രൂപയിൽ (മൊത്തം വിനിയോഗിച്ചതുക – 3,15,751 രൂപ,നിർവ്വഹണം- സെക്രട്ടറി) 40,410 രൂപ അതുല്യക്ക് രൂപരേഖ തയ്യാറാക്കുന്നതിനുവേണ്ടി മാത്രം ചെലവഴിച്ചിട്ടുണ്ട്.

3).ഭിന്നശേഷിക്കാരുടെ വിവരശേഖരണത്തിനും ഗ്രാമപഞ്ചായത്തുതലത്തിൽ ഐ.സി.ഡി.എസുകൾ, അംഗൻവാടി പ്രവർത്തകർ , ആശാവർക്കർമാർ തുടങ്ങിയവരുടെ സേവനവും വിവരവും ലഭ്യമാണ്. കൂടാതെ, സാമൂഹ്യനീതി വകുപ്പുമുഖേന 40%ത്തിലധികം വൈകല്യമുള്ളവർക്ക് വൈകല്യം വ്യക്തമാക്കുന്ന കാർഡും ,സർട്ടിഫിക്കറ്റും നൽകിയിട്ടുള്ളതാണ് എന്നിരിക്കെ ഭിന്നശേഷിക്കാരുടെ വിവരശേഖരണത്തിനായി വീണ്ടും വീടുകൾ തോറും കയറിയിറങ്ങി പ്രത്യേക സർവ്വെ നടത്തിയതും ആയതിനായി തുക ചെലവഴിച്ചതും അധിക ചെലവായി ഓഡിറ്റ് വിലയിരുത്തുന്നു. ഒരു വീടിന് ഒൻപത് രൂപാ നിരക്കിൽ താഴെ പറയും പ്രകാരമാണ് ഐ.സി.ഡി.എസുകൾക്ക് ഈ ആവശ്യത്തിന് തുക നൽകിയിട്ടുള്ളത്.

| ക്രമ നം. | ഗ്രാമപഞ്ചായത്തിന്റെ പേര് | അനുവദിച്ചതുക |
|---|---|---|
| 1 | പോത്തുകല്ല് | 58,266 രൂപ |
| 2 | ചുങ്കത്തറ | 81504 രൂപ |
| 3 | മൂത്തേടം | 62,188രൂപ |
| 4 | വഴിക്കടവ് | 1,01,808 രൂപ |
| 5 | ചാലിയാർ | 46,197 രൂപ |
| 6 | എടക്കര | 59,976 രൂപ |
| | ആകെ | 4,09,939 രൂപ |

രേഖകൾ പ്രകാരം 352 പേരാണ് മെഡിക്കൽ ക്യാമ്പിൽ പങ്കെടുത്തിട്ടുള്ളത്. സർവ്വേ നടത്തിയതിന്റെ വിശദാംശങ്ങൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

4).24.03.18,25.03.2018 തീയ്യതികളിൽ ചുങ്കത്തറ എംപിഎം ഹൈസ്കൂളിൽ വെച്ച് ആൾ ഇന്ത്യാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പീച്ച് ആന്റ് ഹിയറിംഗ്, മൈസൂർ എന്ന സ്ഥാപനം മുഖേന ഭിന്നശേഷി പരിശോധിക്കുന്നതിനായി മെഡിക്കൽ ക്യാമ്പ് നടത്തിയിട്ടുണ്ട്. മെഡിക്കൽ ക്യാമ്പുകൾ വിദൂര ദേശങ്ങളിൽ പട്ടികവർഗ്ഗസങ്കേതങ്ങളിൽ പരിമിതപ്പെടുത്തേണമെന്ന് സർക്കാർ നിർദ്ദേശിച്ചിട്ടുള്ളതാണ്. ആയത് പാലിച്ചിട്ടില്ല. ക്യാമ്പ്

നടത്തുന്നതിനായി താലൂക്ക്/ജില്ലാ ആശുപത്രികളിൽ നിന്നും വിദഗ്ധരെ ലഭിക്കുന്നതാണ്. ഡിസ്ട്രിക് ഡിസ്ഏബിൾഡ് റീഹാബിലിറ്റേഷൻ സെൻറർ, മെഡിക്കൽ കോളേജ്, സാമൂഹ്യ സുരക്ഷാ മിഷൻ എന്നിവയുടെ സഹായം ഈ ആവശ്യത്തിന് തേടാവുന്നതാണ്. എന്നാൽ ഏതെങ്കിലും ഏജൻസിയേയോ സ്ഥാപനത്തെയോ ക്യാമ്പ് നടത്താൻ സബ്സിഡി മാർഗ്ഗരേഖപ്രകാരം ചുമതലപ്പെടുത്താവുന്നതല്ല. ആയതിനാൽ ഓൾ ഇന്ത്യ ഇൻസ്റ്റ്യറ്റ്യൂട്ട് ഓഫ് സ്പീച്ച് ആൻറ് ഹിയറിംഗ് മൈസൂറിനെ ചുമതല ഏൽപ്പിച്ചത് എപ്രകാരമെന്നത് വ്യക്തമല്ല.

5).കാലാകാലങ്ങളിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖേനയും മറ്റു ഏജൻസികൾ മുഖേനയും ഭിന്നശേഷിക്കാർക്ക് ഉപകരണങ്ങൾ നൽകിക്കൊണ്ടിരിയ്ക്കുന്നുണ്ട്. അതുകൊണ്ടു തന്നെ ഉപകരണങ്ങൾ ഉള്ളവർക്കു തന്നെ അതെ ഉപകരണങ്ങൾ വീണ്ടും വീണ്ടും നൽകപ്പെടാതിരിയ്ക്കാനുള്ള കർശന മുൻകരുതലുകൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ സ്വീകരിക്കേണ്ടതുണ്ട്. എന്നാൽ മെഡിക്കൽ ക്യാമ്പിലും , സ്ഥിതി വിവരശേഖരണത്തിലും അക്കാര്യം പരിഗണിയ്ക്കപ്പെട്ടിട്ടില്ല. ഭാവിയിൽ ഉപകരണങ്ങൾ വിതരണം ചെയ്യുമ്പോൾ ഇക്കാര്യം കൂടി പരിഗണിയ്ക്കേണ്ടതുണ്ട്.

6).മെഡിക്കൽ ക്യാമ്പിനത്തിലും സർവ്വേ നടത്തിയതിനും താഴെ പറയും പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്.

| ക്രമ നം. | ചെലവിനം | ചെലവഴിച്ച തുക | റിമാർക്സ് |
|---|---|---|---|
| 1 | റീഫ്രഷ്മെൻറ് ഇനത്തിൽ വിവ ബേക്ക്സ് ആൻറ് റെസ്റ്റോറൻറ് , ചുങ്കത്തറയ്ക്ക് നൽകിയത് | 70,215 രൂപ | ഇൻവേയിസ് തി.10.03.18 &25.03.18 |
| 2 | സർവ്വെ നടത്തുന്നതിനൾപ്പെടെ പ്രിന്റിംഗ് ചാർജ്ജ് ഇനത്തിൽ ചുങ്കത്തറ പ്രിന്റിംഗ് വർക്കേഴ്സ് കോ-ഓപ്പറേറ്റീവ് സൊസൈറ്റിക്ക് നൽകിയത് | 1,27,900 രൂപ | ഇൻവേയിസ് നം 541/23.03.18 |

മുൻകൂട്ടി തീരുമാനിച്ചുറപ്പിച്ചതിൽ പ്രകാരമാണ് മെഡിക്കൽ ക്യാമ്പ് നടത്തിയിട്ടുള്ളത് . എന്നാൽ ,തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ സാധനങ്ങളും സേവനങ്ങളും സമാഹരിയ്ക്കൽ മാർഗ്ഗരേഖ , ജീ.ഒ(പി)നം. 259/2010/ത.സ്വ.ഭ.വ തി. 08.11.2010 പ്രകാരവും 2013 ലെ കേരള സ്റ്റോർ പർച്ചേസ് മാന്വൽ പ്രകാരവും ,50,000രൂപയ്ക്കു മുകളിൽ 1,00,000 രൂപ വരെയുള്ള സാധനങ്ങളും സേവനങ്ങളും സമാഹരിയ്ക്കുന്നത് ക്വട്ടേഷൻ മുഖേനയും 1,00,000 രൂപക്ക് മുകളിലുള്ള സാധനങ്ങളും സേവനങ്ങളും സമാഹരിയ്ക്കുന്നത് ടെണ്ടർ മുഖേനയുമായിരിയ്ക്കണമെന്ന് നിഷ്കർഷിച്ചിട്ടുള്ളതാണ്. ആയത് പാലിച്ചിട്ടില്ല.

7).ഫോറസ്റ്റ് റീസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് സബ് സെൻറർ, ചന്തക്കുന്നിന് മൈസൂരിൽ നിന്നെത്തിയ മെഡിക്കൽ സംഘത്തിന് അക്കൊമഡേഷൻ സൗകര്യം ഒരുക്കിയ ഇനത്തിൽ 2,900 രൂപ നൽകിയിട്ടുണ്ട്. എന്നാൽ ചെലവ് രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

വിശദാംശങ്ങൾ ആരാഞ്ഞു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്കും (നം. 27/01.12.2018)മറുപടി ലഭ്യമാക്കിയിട്ടില്ല .പദ്ധതിയ്ക്കായി ചെലവഴിച്ച 7,26,389 രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 3-13 ചുങ്കത്തറ സി.എച്ച്.സി ജെറിയാട്രിക് ഹെൽത്ത് കെയർ - പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ.

| | | |
|---|---|---|
| പ്രൊജക്റ്റ് നമ്പർ | 140/18 (ബഹുവർഷ പ്രൊജക്റ്റ്) | |
| അടങ്കൽ | 59,12,000/- രൂപ (34,90,500 /- + 24,21,500/- ) | |
| വിനിയോഗിച്ച തുക | 8,43,894/- രൂപ | |
| ബിൽ നമ്പർ / തിയ്യതി | 04/17-18 തിയ്യതി. 23.03.2018 | 3,49,304/- രൂപ. |

| | | |
|---|---|---|
| | 05/17-18 തിയ്യതി. 28.03.2018 | 4,94,590/- രൂപ. |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, സി.എച്ച്.സി ചുങ്കത്തറ | |

നിലമ്പൂർ ബ്ലോക്ക് പഞ്ചായത്ത് പരിധിയിലുള്ള ആറ് ഗ്രാമപഞ്ചായത്തുകളിലെ പരിചരണം ആവശ്യമായ അറുപത് വയസ്സിന് മുകളിലുള്ളവരെ കണ്ടെത്തി ആവശ്യമായ പരിചരണം നൽകുക എന്നതാണ് മേൽ പറഞ്ഞ ബഹുവർഷ പദ്ധതി ലക്ഷ്യമിട്ടിരുന്നത്. ഈ പദ്ധതി നിർവ്വഹണം നടത്തിയതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1). 2017-18 വർഷത്തിൽ ചെലവഴിക്കാൻ ഉദ്ദേശിച്ചിരുന്നത് 34,90,500/- രൂപയായിരുന്നുവെങ്കിലും 8,43,894/- രൂപ മാത്രമാണ് ചെലവഴിച്ചത്. സർവ്വേ നടത്തി 60 വയസ്സിന് മുകളിലുള്ളവരെ കണ്ടെത്തി അവർക്കായി പ്രത്യേക മെഡിക്കൽ ക്യാമ്പ് നടത്തിയതിന് ശേഷം മാത്രമേ അന്തിമമായി ഗുണഭോക്താക്കളെ കണ്ടെത്താൻ സാധിക്കുകയുള്ളൂ എന്നതിനാൽ 4,94,590/- രൂപ ചെലവഴിച്ച് സർവ്വേ നടത്തിയിട്ടുണ്ട്. എന്നാൽ 07.11.2018 ലെ സ.ഉ (സാധാ) നം.2853/2018/ തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം മെഡിക്കൽ ക്യാമ്പ് ഒഴികെയുള്ള ചെലവുകൾക്കാണ് അനുമതി നൽകിയിട്ടുള്ളത്. ഈ സാഹചര്യത്തിൽ അർഹരായ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നത് എപ്രകാരമാണെന്ന് വ്യക്തമല്ല. നാളിത് വരെയായി ഗുണഭോക്താക്കളെ കണ്ടെത്തുന്നതിനുള്ള നടപടികൾ പൂർത്തീകരിച്ചിട്ടില്ല.

2). അർഹരായ ഗുണഭോക്താക്കളെ കണ്ടെത്തുന്നതിന് മുമ്പ് തന്നെ താഴെ പറയുന്ന ഉപകരണങ്ങൾ വാങ്ങി സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്ത് ഹെഡ്നഴ്സിന് കൈമാറുകയാണ് ചെയ്തിട്ടുള്ളത്.

| Sl.No | Equipment Name | Cost |
|---|---|---|
| 1 | Tread mill | 64,000.00 |
| 2 | Weight cuff (0.5, 1, 2Kg) | 340.00 |
| 3 | Combo – Digi Stim Pro | 35,660.00 |
| 4 | Multiparameter monitor | 66,640.00 |
| 5 | Hospital ICU cot (4 Nos.) | 1,82,664.00 |

ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിന് മുമ്പ് ഉപകരണങ്ങൾ വാങ്ങുന്നത് മൂലം ഗ്യാരണ്ടി കാലയളവ് കഴിഞ്ഞ് അവ നിഷ്ക്രിയ ആസ്തിയായി മാറുന്നതിന് കാരണമാകുമെന്നതിനാൽ പദ്ധതി നിർവ്വഹണത്തിന്റെ പുരോഗതിയും ഉപകരണങ്ങളുടെ നിലവിലെ അവസ്ഥയും അറിയിക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ : 26/01.12.2018 ക്ക് അന്തിമ ഗുണഭോക്തൃലിസ്റ്റ് ഉടൻ ലഭ്യമാകുമെന്നും വാങ്ങിച്ച ഉപകരണങ്ങളെല്ലാം നിലവിൽ ഡയാലിസിസ് യൂണിറ്റിൽ ഉപയോഗിച്ചുവരുന്നതായും മറുപടി ലഭ്യമാക്കി.സർക്കാർ നിർദ്ദേശങ്ങൾക്ക് അനുസരിച്ച് പദ്ധതി നടപ്പിലാക്കേണ്ടതാണ്.

## 3-14 മരുന്നുകൾ പൂർണ്ണമായും ലഭ്യമാക്കിയില്ല.

ചുങ്കത്തറ സി.എച്ച്.സി യിലേക്ക് മരുന്നും ഡയാലിസിസ് റീ ഏജന്റുകളും ലഭ്യമാക്കൽ (75/18) പദ്ധതിയുടെ ഭാഗമായി മരുന്നുകൾ ലഭ്യമാക്കുന്നതിനായി 15,00,000/- രൂപ (ബി.നം. 1/17-18 തിയതി.27.10.2017 ) കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന് PRF 1346/14.10.2017 പ്രൊഫോർമ ഇൻവോയ്സ് പ്രകാരം കൈമാറി. എന്നാൽ നാളിതുവരെയായി 8,60,222/- രൂപയുടെ മരുന്നുകൾ മാത്രമാണ് ലഭ്യമായിട്ടുള്ളത്. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഇൻവോയ്സ് നമ്പർ. | തുക |
|---|---|---|
| 1 | 8026/21.02.2018 | 5998/- |
| 2 | 8020/21.02.2018 | 6228/- |
| 3 | 8019/21.02.2018 | 6970/- |

| ക്രമ നമ്പർ | ഇൻവോയ്സ് നമ്പർ. | തുക |
|---|---|---|
| 4 | 8012/20.02.2018 | 212186/- |
| 5 | 8976/20.03.2018 | 224456/- |
| 6 | 8981/20.03.2018 | 263396/- |
| 7 | 23/03.04.2018 | 107349/- |
| 8 | 28/03.04.2018 | 33639/- |
| | ആകെ | 8,60,222/- |

6,39,778/- രൂപയുടെ മരുന്നുകൾ കൂടി ലഭിക്കാനുണ്ട്.ബാക്കി തുകക്കുള്ള മരുന്നുകൾ 2019 മാർച്ച് 31 നുമുൻപ് ആശുപത്രിയിൽ എത്തിക്കുമെന്ന് KMSCL അധികാരികൾ അറിയിച്ചതായി ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 14/ 30-11-2018 ന് മറുപടി നൽകി. മരുന്ന് ലഭ്യമാവുന്ന മുറക്ക് ആയത് സ്റ്റോക്കിലെടുത്ത് സ്റ്റോക്ക് രജിസ്റ്റർ പരിശോധനക്ക് ഹാജരാക്കേണ്ടതാണ്. മരുന്ന് ലഭ്യമാകുന്നത് വരെ 6,39,778/- രൂപയുടെ ചെലവ് തടസ്സം ചെയ്യുന്നു.

## 3-15 ഭവനനിർമ്മാണം പൂർത്തീകരിക്കുന്നതിന് /തുക തിരികെ ഈടാക്കുന്നതിന് നടപടികൾ സ്വീകരിച്ചില്ല

വിവിധ ഭവനനിർമ്മാണ പദ്ധതികളിൽ ധനസഹായം കൈപ്പറ്റി നിർമ്മാണം പൂർത്തിയാക്കാതെ അവശേഷിക്കുന്നവ പൂർത്തീകരിക്കുന്നതിന് തദ്ദേശഭരണസ്ഥാപനങ്ങൾക്ക് പ്രൊജക്ടുകൾ ഏറ്റെടുക്കാവുന്നതാണെന്ന് സ.ഉ (എം.എസ്)80/2017/തസ്വഭവ തീ.03.04.2017-സബ്സിഡി മാർഗ്ഗരേഖയിലൂടെ നിർദ്ദേശം പുറപ്പെടുവിച്ചിരുന്നു. പൂർത്തീകരിക്കുന്നതിനുള്ള പരമാവധി തുക, വിവിധ ഘട്ടങ്ങൾ എന്നിവ സംബന്ധിച്ചുള്ള മാർഗ്ഗരേഖകൾ പിന്നീട് പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. ലൈഫ് മിഷന്റെ നം.എൽ.എഫ് 2/511/2017 തീ.25.04.2018 പ്രകാരവും വ്യക്തമായ മാർഗ്ഗനിർദ്ദേശം ലഭിച്ചിട്ടുണ്ട് . PMAY ഭവനപദ്ധതിയുടെ ഭാഗമായി 149 പേർ എഗ്രിമെന്റ് വെച്ച് ഭവനനിർമ്മാണം തുടങ്ങിയതിൽ 37 പേർ നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല. ബ്ലോക്ക് പഞ്ചായത്തിൽ ഇതനുസരിച്ച് പൂർത്തീകരിക്കാത്ത വീടുകൾ പൂർത്തീകരിക്കുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടെങ്കിലും നിർമ്മാണം പൂർത്തിയാക്കാത്തവരിൽ ആദ്യ ഗഡു മാത്രം കൈപ്പറ്റി ഭവനനിർമ്മാണം പൂർത്തിയാക്കാത്ത താഴെപ്പറയുന്ന ഗുണഭോക്താക്കളുടെ കാര്യത്തിൽ നടപടികളൊന്നും സ്വീകരിച്ചതായി കാണുന്നില്ല. വിശദവിവരം താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേര് | ആകെ കൈപ്പറ്റിയ തുക | അവസാന ഗഡു കൈപ്പറ്റിയതിന്റെ വിരം |
|---|---|---|---|
| 1 | ഉണ്ണികൃഷ്ണൻ, എഴുത്തച്ഛൻ വീട്, എരഞ്ഞിമങ്ങാട് .പി.ഒ | 48000/- (1ഗഡു) | 07.02.2017 |
| 2 | കുറുമ്പ കോരു, ആലങ്ങാടൻ, മണ്ണുപ്പാടം, എരഞ്ഞിമങ്ങാട് .പി.ഒ | 48000/- (1ഗഡു) | 07.02.2017 |
| 3 | കാളി പൂവൻ, ആനപ്പാറ കോളനി, എരഞ്ഞിമങ്ങാട് .പി.ഒ | 48000/- (1ഗഡു) | 07.02.2017 |
| 4 | നസീമ ബീരാൻ, വടക്കേങ്ങര, പാറേക്കോട് | 48000/- (1ഗഡു) | 07.02.2017 |
| 5 | മറിയം, W/O ബിജു മാത്യു, കൊന്നമണ്ണ | 48000/- (1ഗഡു) | 07.07.2017 |

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേര് | ആകെ കൈപ്പറ്റിയ തുക | അവസാന ഗഡു കൈപ്പറ്റിയതിന്റെ വിരം |
|---|---|---|---|
| 6 | ഇന്ദിര പ്രസന്നൻ, വടക്കുന്നേൽ ഹൌസ്, കാപ്പുണ്ട, എടക്കര | 48000/- (1ഗഡു) | 07.02.2017 |
| 7 | ഹസീന ജാസ്മിൻ, W/O ലത്തീഫ്, പരപ്പൻ, മരുത | 48000/- (1ഗഡു) | 13.03.2017 |
| 8 | ഹഫ്സത്ത്, W/O നാസർ, മരുത | 48000/- (1ഗഡു) | 31.03.2017 |
| 9 | ഉഷ, w/o ബാബു, തുപ്പാക്കട ഹൌസ്, മാമാങ്കര, കമ്പളക്കല്ല് | 48000/- (1ഗഡു) | 30.05.2017 |
| 10 | ബിന്ദു, w/o സുരേഷ് ബാബു, തോട്ടശ്ശേരി വീട്, മരുത | 48000/- (1ഗഡു) | 13.03.2017 |
| 11 | രജനി, w/o ശശീന്ദ്രൻ, പരമ്പാടൻ ഹൌസ്, വഴിക്കടവ് | 48000/- (1ഗഡു) , 32000/- (2ഗഡു) | 07.02.2017, 27.01.2018 |
| 12 | ഹഫ്സത്ത് w/o ഉമ്മർ | 48000/- (1ഗഡു) | 07.02.2018 |

ക്രമ നമ്പർ 2, 6, 12 എന്നീ ഗുണഭോക്താക്കൾ തുക തിരിച്ചടക്കാമെന്ന് അറിയിച്ചതായി ഓഡിറ്റ് എൻക്വയറി നം17/01.12.2018 ന് മറുപടി നൽകി. തുക ഈടാക്കി വിവരം അറിയിക്കേണ്ടതാണ്. മാർഗ്ഗനിർദ്ദേശങ്ങൾക്കനുസൃതമായി ഭവന നിർമ്മാണം പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും അല്ലാത്ത പക്ഷം കൈപ്പറ്റിയ ധനസഹായം പലിശ സഹിതം തിരികെ ഈടാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 3-16 വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല.

കൃഷി അസിസ്റ്റന്റ് ഡയറക്ടർ നിർവ്വഹണം നടത്തിയ നെൽ കൃഷിക്ക് കൂലിച്ചെലവ് സബ്സിഡി, പച്ചക്കറി കൃഷിക്ക് കൂലിച്ചെലവ് സബ്സിഡി എന്നീ പ്രൊജക്ടുകളുടെ ബ്ലോക്ക് പഞ്ചായത്ത് വിഹിതമായി താഴെ പറയുന്ന പ്രകാരം വിവിധ ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർക്ക് താഴെ പറയുന്ന പ്രകാരം തുക അനുവദിച്ചിട്ടുണ്ട്. എന്നാൽ ചെലവഴിച്ച തുകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.

1). നെൽ കൃഷിക്ക് കൂലിച്ചെലവ് സബ്സിഡി (പ്രൊജക്ട് നമ്പർ.3).

| ബിൽ നമ്പർ | തുക | ഗ്രാമപഞ്ചായത്ത് |
|---|---|---|
| ബിൽ നമ്പർ.1/2017-18 തി. 24.10.2017 | 8,500/- | പോത്തുകല്ല് |
| ബിൽ നമ്പർ.3/2017-18 തി. 10.01.2018 | 2,12,500/- | എടക്കര |
| ബിൽ നമ്പർ.5/2017-18 തി. 10.01.2018 | 2,97,500/- | വഴിക്കടവ് |
| ബിൽ നമ്പർ.7/2017-18 തി. 10.01.2018 | 4,25,000/- | ചാലിയാർ |
| ബിൽ നമ്പർ.11/2017-18 തി. 22.02.2018 | 7,65,000/- | ചുങ്കത്തറ |
| ബിൽ നമ്പർ.13/2017-18 തി. 22.02.2018 | 2,55,000/- | മൂത്തേടം |
| ആകെ | 19,63,500/- | |

2). പച്ചക്കറി കൃഷിക്ക് കൂലിച്ചെലവ് സബ്സിഡി (പ്രൊജക്ട് നമ്പർ.4).

| ബിൽ നമ്പർ | തുക | ഗ്രാമപഞ്ചായത്ത് |
|---|---|---|
| ബിൽ നമ്പർ.2/2017-18 തി. 27.10.2017 | 42,500/- | പോത്തുകല്ല് |

| | | |
|---|---|---|
| ബിൽ നമ്പർ.4/2017-18 തി. 10.01.2018 | 85,000/- | എടക്കര |
| ബിൽ നമ്പർ.6/2017-18 തി. 10.01.2018 | 2,55,000/- | വഴിക്കടവ് |
| ബിൽ നമ്പർ.8/2017-18 തി. 10.01.2018 | 85,000/- | ചാലിയാർ |
| ബിൽ നമ്പർ.12/2017-18 തി. 22.02.2018 | 1,70,000/- | ചുങ്കത്തറ |
| ബിൽ നമ്പർ.14/2017-18 തി. 22.02.2018 | 85,000/- | മൂത്തേടം |
| ആകെ | 7,22,500/- | |

വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്. വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കുന്നത് വരെ ചെലവ് തുക 26,86,000 രൂപ തടസ്സം ചെയ്യുന്നു.

(ഓഡിറ്റ് എൻക്വയറി നമ്പർ. 1/27.11.2018 – മറുപടി ലഭ്യമാക്കിയിട്ടില്ല.)

## 3-17 പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി - അപാകതകൾ.

2016-17 സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കിയ പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി എന്ന പ്രൊജക്റ്റ് 2017-18 സാമ്പത്തിക വർഷത്തിലും സ്പിൽ ഓവർ പ്രൊജക്റ്റായി ഉൾപ്പെടുത്തിയിട്ടുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി ആസൂത്രണവും സബ്സിഡിയും അനുബന്ധ വിഷയങ്ങളും പരിഷ്കരിച്ച മാർഗ്ഗരേഖ (സ.ഉ നം.(എം.എസ്) 4/2016) തസ്വഭവ തിയ്യതി. 11.10.2016) പ്രകാരം വ്യക്തിഗത ആനുകൂല്യങ്ങൾ വിതരണം ചെയ്യുന്ന പദ്ധതികൾ ഗ്രാമപഞ്ചായത്തുകൾ / മുനിസിപ്പാലിറ്റികൾ / കോർപ്പറേഷനുകൾ മാത്രമേ ഏറ്റെടുക്കാൻ പാടുള്ളൂ. ഇക്കാര്യം നിർവ്വഹണ ഉദ്യോഗസ്ഥനായ പട്ടികജാതി വികസന ഓഫീസർ ബ്ലോക്ക് പഞ്ചായത്തിനെ അറിയിക്കുകയും പദ്ധതി നടപ്പിലാക്കുന്നതിന് വികേന്ദ്രീയാസൂത്രണ സംസ്ഥാന കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ മുൻകൂർ അനുമതി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് അപേക്ഷിക്കുകയും ചെയ്തിട്ടുണ്ട്. ആയതിന് ബ്ലോക്ക് പഞ്ചായത്തിന്റെ 17.01.2017 ലെ 1(i) നമ്പർ തീരുമാന പ്രകാരം, ഡി.പി.സി അംഗീകരിച്ച പദ്ധതി നടപ്പിലാക്കുന്നതിന് സംസ്ഥാന കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ അനുമതിക്ക് അയക്കേണ്ടതില്ല എന്ന് കോ-ഓർഡിനേഷൻ കമ്മിറ്റി തീരുമാനമുള്ളതിനാൽ എസ്.സി.പി വിഹിതം പരമാവധി ചെലവഴിക്കുന്നതിന് നടപടികൾ സ്വീകരിക്കണം എന്ന് നിർദ്ദേശിക്കുകയാണ് ചെയ്തിട്ടുള്ളത്. 01.12.2016 ലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 2-11 നമ്പർ തീരുമാന പ്രകാരം സമാന പദ്ധതിക്ക് കടത്തുരുത്തി ബ്ലോക്ക് പഞ്ചായത്തിന് അനുമതി നൽകുകയും ചെയ്തിട്ടുണ്ട്. എന്നാൽ ഇപ്രകാരമുള്ള അനുമതി നിലമ്പൂർ ബ്ലോക്ക് പഞ്ചായത്തിന് ലഭിച്ചിട്ടില്ല.

പദ്ധതി നിർവ്വഹണത്തിൽ താഴെ പറയുന്ന അപാകതകൾ സംഭവിച്ചിട്ടുണ്ട്.

1). നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല.

2016-17 സാമ്പത്തിക വർഷത്തിൽ ഒന്നാം ഗഡു കൈപ്പറ്റിയ താഴെ പറയുന്ന ഗുണഭോക്താക്കൾ ഓഡിറ്റ് വർഷത്തിലും പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല. വിശദവിവരങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേര് | അനുവദിച്ച തുക |
|---|---|---|
| 1 | ശ്രീ.രാധാകൃഷ്ണൻ, തോങ്ങോടൻ, കുറുമ്പലങ്ങോട്, ചുങ്കത്തറ | 50,000 |
| 2 | ശ്രീ.മണി, വാക്കയിൽ, മുട്ടിപ്പാലം, പോത്തുകല്ല് | 50,000 |

നിർമ്മാണം പൂർത്തീകരിക്കാത്ത ഈ ഗുണഭോക്താക്കൾക്ക് അനുവദിച്ച മുൻകൂർ തുക തിരികെ ഈടാക്കുന്നതിനുള്ള യാതൊരു നടപടികളും ബ്ലോക്ക് പഞ്ചായത്ത് സ്വീകരിച്ചിട്ടില്ല.

2). പട്ടിക ജാതി വികസന വകുപ്പിൽ നിന്നുള്ള സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.

പട്ടിക ജാതി വികസന വകുപ്പിൽ നിന്ന് ഈ ഇനത്തിൽ ധനസഹായം ലഭിച്ചവർ വീണ്ടും തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ നിന്ന് ധനസഹായം ലഭിക്കാൻ അർഹരല്ല. ബന്ധപ്പെട്ട വകുപ്പ് ഉദ്യോഗസ്ഥനിൽ നിന്ന് ഇത് സംബന്ധിച്ചുള്ള സർട്ടിഫിക്കറ്റ് സമർപ്പിക്കേണ്ടതാണ്. എന്നാൽ ഗുണഭോക്താക്കൾ ആരും തന്നെ ഇപ്രകാരമുള്ള സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നമ്പർ. 2/30.11.2018)

## 3-18 സെന്ററിങ് പ്രവൃത്തി അധിക നിരക്കിൽ തുക നൽകി

താഴെപ്പറയുന്ന പ്രവൃത്തികളുടെ ഡ്രൈനേജിന്റെ സൈഡ് വാൾ കോൺക്രീറ്റ് ചെയ്യുന്നതിന് സെന്ററിങ് പ്രവൃത്തി ചെയ്തതിന് DSR 4.3.2 പ്രകാരമുള്ള നിരക്കാണ് നൽകിയിട്ടുള്ളത്. എന്നാൽ ഈ ഇനത്തിന് DSR 4.3.1 പ്രകാരമുള്ള നിരക്കാണ് അനുവദനീയമായിട്ടുള്ളത്. ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി നടപ്പിലാക്കിയ മാലിന്യ മുക്ത ചാലിയാർ (പ്രൊജക്ട് നം.12/18) എന്ന പ്രൊജക്ടിന്റെ ഭാഗമായി നിർവ്വഹണം നടത്തിയ 4 റോഡ് ഡ്രൈനേജ് പ്രവൃത്തികളിലും ഇപ്രകാരം തുക അധികം നൽകിയിട്ടുണ്ട്. ഈ ഇനത്തിൽ അധിക നിരക്കിൽ തുക നൽകിയതിന് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി (നം.9/30.11.2018)ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രവൃത്തിയുടെ വിവരങ്ങൾ | അളവ് | നൽകാവുന്ന തുക | നൽകിയ തുക | അധികം |
|---|---|---|---|---|
| കുറത്തി എസ്.സി കോളനി നടപ്പാത നിർമ്മാണം (82/17-18)<br>ബിൽ 4/17-18/29.06.17 തുക 379144<br>DSR 2014 കോസ്റ്റ് ഇൻഡക്സ് 36.19%<br>അളവ് പുസ്തകം 8/16-17<br>കരാറുകാരൻ ശ്രീ. മാത്തുക്കുട്ടി.കെ.വി. | 12.811m2 | @267.55/m2<br>=3428 | @400/$m^2$<br>=5124 | 1696 |
| പാതിരിപ്പാടം ST കോളനി റോഡ് (92/17-18/)<br>ബിൽ 6/17-18/29.06.17 തുക 333397<br>DSR 2014 കോസ്റ്റ് ഇൻഡക്സ് 36.19%<br>അളവ് പുസ്തകം-18/16-17<br>കരാറുകാരൻ ശ്രീ. മാത്തുക്കുട്ടി.കെ.വി. | 61.50m2 | @267.55/m2<br>=16454 | @390/$m^2$<br>=23985 | 7531 |
| കാരക്കോട്-മുക്കം എസ്.ടി കോളനി നടപ്പാത നിർമ്മാണം (36/18)<br>ബിൽ 39/17-18/22.02.18 തുക 443503<br>DSR 2014 കോസ്റ്റ് ഇൻഡക്സ് 36.19%<br>അളവ് പുസ്തകം 8/16-17<br>കരാറുകാരൻ ശ്രീ. മുഹമ്മദലി.പി.കെ | 39.29 m2 | @267.55/m2<br>=10512 | @372.10/$m^2$<br>=14619.81 | 4108 |
| മുണ്ടപ്പൊട്ടി-ഹോമിയോ ഡിസ്പൻസറി റോഡ് നിർമ്മാണം (46/18) | 124.28 m2 | @267.55/m2<br>=33251 | @491.37/$m^2$ | 27816 |

| | | | | |
|---|---|---|---|---|
| ബിൽ 37/17-18/21.02.18 തുക 409437<br>DSR 2014 കോസ്റ്റ് ഇൻഡക്സ് 36.19%<br>അളവ് പുസ്തകം 52/16-17<br>കരാറുകാരൻ ശ്രീ. വി.പി.ചേക്കു | | | =61067.46 | |
| എരഞ്ഞിമങ്ങാട്-കൽക്കുന്ന് റോഡ് ഡ്രൈനേജ്<br>ബിൽ 52/17-18/19.03.18 തുക 493862<br>DSR 2016 കോസ്റ്റ് ഇൻഡക്സ് 37.25%<br>അളവ് പുസ്തകം 4/17-18<br>കരാറുകാരൻ ശ്രീ. അബ്ദുൾ കരീം S/O മുഹമ്മദ് | 160.65 m2 | @266.20/m2 =42765 | @519.63/$m^2$ =83478.56 | 40714 |
| കുറ്റിമുണ്ട ബൈപാസ് റോഡ് ഡ്രൈനേജ്<br>ബിൽ 60/17-18/28.03.18 തുക 458666<br>DSR 2016 കോസ്റ്റ് ഇൻഡക്സ് 37.25%<br>അളവ് പുസ്തകം 6/17-18<br>കരാറുകാരൻ ശ്രീ. വി.പി.ഷൈജു | 121.20 m2 | @266.20/m2 =32263.44 | @519.63/$m^2$ =62979.16 | 30716 |
| കൽക്കുണ്ട്-സ്കൂൾപ്പടി റോഡ് ഡ്രൈനേജ്<br>ബിൽ 57/17-18/28.03.18 തുക 496000<br>DSR 2016 കോസ്റ്റ് ഇൻഡക്സ് 37.25%<br>അളവ് പുസ്തകം 5/17-18<br>കരാറുകാരൻ ശ്രീ. തോമസ്.സി.ടി | 159.93 m2 | @266.20/m2 =42573.36 | @519.63/$m^2$ =83104.43 | 40531 |
| കെട്ടുങ്ങൽ പഞ്ചായത്ത് റോഡ് ഡ്രൈനേജ്<br>ബിൽ 54/17-18/23.03.18 തുക 491427<br>DSR 2016 കോസ്റ്റ് ഇൻഡക്സ് 37.25%<br>അളവ് പുസ്തകം /17-18<br>കരാറുകാരൻ ശ്രീ. മുഹമ്മദലി.പി.കെ | 103 m2 | @266.20/m2 =27418.60 | @519.63/$m^2$ =53521.89 | 26103 |
| ആകെ | | | | 179215 |

അധികച്ചെലവിനിടയാക്കിയ 179215 രൂപ എസ്റ്റിമേറ്റ് തയ്യാറാക്കിയ അസി.എഞ്ചിനീയർ, സാങ്കേതികാനുമതി നൽകിയ അസി.എക്സി.എഞ്ചിനീയർ എന്നിവരിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-19 കെട്ടിടം പൊളിച്ചു മാറ്റിയ സാധനസാമഗ്രികൾ ലേലം ചെയ്ത് ബ്ലോക്ക് പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽ കൂട്ടിയില്ല

നിലവിലുണ്ടായിരുന്ന കെട്ടിടം/ചില ഭാഗങ്ങൾ പൊളിച്ചു മാറ്റി, പുതിയ കെട്ടിടം പണിയുന്നതിനുള്ള ചില പ്രൊജക്ടുകളിൽ പൊളിച്ചുമാറ്റിയ വസ്തുക്കൾ ഉപയോഗമുള്ളത് Stack ചെയ്യുകയും ഉപയോഗമില്ലാത്തത് Dispose ചെയ്തതായും അളവു പുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഇവയുടെ വിനിയോഗവിവരം കൃത്യമായി

രേഖപ്പെടുത്തിയിട്ടില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| പ്രൊജക്ടിന്റെ വിശദവിവരം | ഇനം | അളവ്/എണ്ണം |
|---|---|---|
| പ്രൊജക്ട് നം.61/17-18-മുറംളക്കി അംഗൻവാടി കെട്ടിട നിർമ്മാണം<br>കരാറുകാരൻ-സാജു ജോസഫ്<br>അളവു പുസ്തകം-4216-17 | Item No.2-Dismantling Doors, Windows, Clerestory windows | 18 എണ്ണം |
| | Item No.3- Demolishing Brick, Laterite, Rubble etc. | 38.12m3 |
| പ്രൊജക്ട് നം.29/18-മാമാങ്കര സമിതി അംഗൻവാടി കെട്ടിട നിർമ്മാണം<br>കരാറുകാരൻ-വാസു. കെ.വി.<br>അളവു പുസ്തകം-32/15-16 | Item No.1-Demolishing Brick work | 19.13m3 |
| | Item No.2-Dismantling Doors, Windows, Clerestory windows | 6 എണ്ണം |
| | Item No.3-Demolishing tiled roofing | 92.92m3 |

പൊളിച്ചെടുത്ത സാധനങ്ങളുടെ വിനിയോഗ വിരം/ലേലം ചെയ്ത് ബ്ലോക്ക് പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടിയതിന്റെ വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 3-20 കിളച്ചെടുത്ത മണ്ണ് വിനിയോഗിക്കുകയും, ഷ്രിങ്കേജ് കുറവു ചെയ്യുകയും ചെയ്തില്ല —കരാറുകാരന് തുക അധികം നൽകി.

പ്രൊജക്ട് നം.72/18-ക്ലമൻതോട്-കത്തിക്കാടൻ പൊയിൽ റോഡ് നിർമ്മാണം

ബിൽ നം.41/17-18/07.03.18—488798

കരാറുകാരൻ--മുഹമ്മദലി.പി.കെ

അളവു പുസ്തകം-13/17-18

മേൽപ്പറഞ്ഞ പ്രവൃത്തിയിലെ ഇനം നം.1,8 പ്രവൃത്തികൾ താഴെ ചേർക്കുന്നു.

| പ്രവൃത്തി ഇനം | അളവ് | നിരക്ക് | തുക |
|---|---|---|---|
| Item No.1-Earth work excavation by mechanical means and disposal of excavated earth | 45.53m3 | 175/m3 | 7967.75 |
| Item No.8-Filling Contractor's Own earth consolidating each deposited layer by ramming and watering | 211.05m3 | 279 | 58882.95 |

ഇനം നം.8 ന് തുക അനുവദിച്ചപ്പോൾ ഇനം നം.1പ്രകാരമുള്ള മണ്ണിന്റെ അളവ് കുറവ് ചെയ്യുകയോ ക്രമപ്രകാരമുള്ള ഷ്രിങ്കേജ് കുറയ്ക്കുകയോ ചെയ്തിട്ടില്ല. ക്രമപ്രകാരം അനുവദിക്കേണ്ട തുക താഴെ ചേർക്കുന്നു.

211.05$m^3$-

35.18 (ഷ്രിങ്കേജ് 16.67%)

45.53 (കിളച്ചെടുത്ത മണ്ണ്)

130.34$m^3$x279=36364.86

അധികം നൽകിയ തുക= 22518 (58882.95-36364.86)

അപാകത സൂചിപ്പിച്ച നൽകിയ ഓഡിറ്റ് എൻക്വയറി (നം11/30.11.2018) ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. തുക

അളവെടുത്ത് ബിൽ തയ്യാറാക്കിയ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-21 സർവ്വീസ് ടാക്സ് കുറവ് ചെയ്യാതെ കരാറുകാരന് അനുവദിച്ചു നൽകി.

പ്രൊജക്ട് നം.29/18-മാമാങ്കര സമിതി അംഗൻവാടി നിർമ്മാണം

ബിൽ നം.27/17-18/27.07.17—784588

അളവു പുസ്തകം-32/15-16

കരാറുകാരൻ-വാസു.കെ.വി

മേൽപ്പറഞ്ഞ പ്രവൃത്തിയുടെ ബിൽ അനുവദിച്ചതിന്റെ വിശദാംശം താഴെ ചേർക്കുന്നു.

Total Value of work done---740176.54+

Add 6% Service Tax--------- 44411

784587.54-

33184 (4% Vat)

7846 (1% IT)

7846 (1% KCWWF)

735712

കരാറുകാരൻ സർവ്വീസ് ടാക്സ് അടച്ചതിന്റെ രേഖകളൊന്നും ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. അപാകത സൂചിപ്പിച്ചു നൽകിയ ഓഡിറ്റ് എൻക്വയറി (നം.12/30.11.2018) ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. തുക ബിൽ അനുവദിച്ച അസി.എക്സി.എഞ്ചിനീയറിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-22 കളംകുന്ന് എസ്.സി കോളനി കുടിവെള്ള പദ്ധതി-പദ്ധതി പൂർത്തീകരിച്ചില്ല

പ്രൊജക്ട് നം.96/17-18

ബിൽ നം.58/17-18/17.10.17—415295

അളവു പുസ്തകം-23/1-18

കരാറുകാരൻ--സനീദ് റാഫി

നിലവിലുള്ള കിണറിന് ആഴം കൂട്ടി, പമ്പിംഗ് മെയിൻ, വിതരണ ലൈൻ, പമ്പ് ഹൌസ്, മോട്ടോർ എന്നിവ സ്ഥാപിക്കുന്നതാണ് പ്രൊജക്ട് (അളവു പുസ്തക പ്രകാരം). എന്നാൽ കിണറിന്റെ ആഴം കൂട്ടുന്ന പ്രവൃത്തി ചെയ്യാതെ ബാക്കിയുള്ള പ്രവൃത്തികളാണ് ചെയ്തിട്ടുള്ളത്. കിണറിന് ആഴം കൂട്ടുന്ന പ്രവൃത്തി ചെയ്യാതിരിക്കാനുള്ള കാരണം വ്യക്തമല്ല. പ്രൊജക്ട് റിവൈസ് ചെയ്തതായും കാണുന്നില്ല. പദ്ധതി പൂർത്തീകരിക്കാതെ കരാറുകാരന് തുക അനുവദിക്കുകയും ചെയ്തിട്ടുണ്ട്. പ്രൊജക്ടിന്റെ ഉദ്ദേശ്യ ലക്ഷ്യം പൂർത്തീകരിക്കപ്പെട്ടിട്ടില്ല. ഓഡിറ്റ് എൻക്വയറി (നം.18/01.12.2018) ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ഇക്കാര്യത്തിൽ വിശദീകരണം /പദ്ധതിയുടെ പൂർത്തീകരണ വിവരം ഈ ഓഡിറ്റ് റിപ്പോർട്ടിനുള്ള ആദ്യ മറുപടിയിൽ ലഭ്യമാക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം.

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പദ്ധതി പേര്, നമ്പർ | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|
| ചുങ്കത്തറ | 10,00,000 | മാലിന്യ മുക്ത | 0 | 10,00,000 |

| | | | | |
|---|---|---|---|---|
| ഗ്രാമപഞ്ചായത്ത് | | ചാലിയാർ പദ്ധതി. | | |
| ജില്ലാ പഞ്ചായത്ത് | 29,81,506 | ഐ.എ,വൈ ജില്ലാ പഞ്ചായത്ത് വിഹിതം. | 29,79,706 | 1800 |
| ഗ്രാമപഞ്ചായത്തുകൾ | 15,57,500 | ഐ.എ,വൈ ഗ്രാമപഞ്ചായത്ത് വിഹിതം. | 15,57,500 | 0 |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ .

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി | സി.എച്ച്.സി ചുങ്കത്തറ ട്രാൻസ്ഫോർമർ സ്ഥാപിക്കൽ. | | 8,95,763 | 0 | 8,95,763 |
| കെ.എസ്.ഇ.ബി | കോട്ടേപ്പാടം ഇറിഗേഷൻ പദ്ധതി. | | 12,36,036 | 0 | 12,36,036 |
| റെയ്ഡ്കോ, നിലമ്പൂർ | കോട്ടേപ്പാടം ഇറിഗേഷൻ പദ്ധതി. | | 8,07,783 | 0 | 8,07,783 |
| കെ.എസ്.ഇ.ബി | ചക്കുറ്റി മുണ്ടപ്പാടം ഇറിഗേഷൻ പദ്ധതി | | 10,05,248 | 0 | 10,05,248 |
| കെ.എസ്.ഇ.ബി | മാലിന്യ മുക്ത ചാലിയാർ | | 8,10,000 | 0 | 8,10,000 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്.

ഇല്ല.

## 4-4 വായ്പ / വായ്പ തിരിച്ചടവ്.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടേയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ ഉദ്ദേശ്യം | ഉത്തരവ് നം./തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽതിരിച്ചടയ്ക്കാനുള്ള മുൻബാക്കി | തൻവർഷം അടച്ചത് | | വർഷാവസാന ബാക്കി |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഐ.എ.വൈ ലോൺ | | 1,48,83,000 | 59,00,848 | 2948930 | 0 | 40,72,264 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ.

ഇല്ല.

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല.

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

ഇല്ല.

## 4-8 ചാർജ് സർചാർജ് നടപടികളുടെ വിവരം.

ഇല്ല.

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 103984850 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 132698499 |
| വരവിനങ്ങളിലുള്ള നഷ്ടം | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം / ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 263104 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1,20,91,477 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 5200 | ശ്രീ. ജേക്കബ് സക്കറിയ, ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി |
| 3-3 | | 11760 | ശ്രീ. ജേക്കബ് സക്കറിയ, ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി |
| 3-18 | | 179215 | ഉത്തമൻ.ജി, അസി.എക്സി.എഞ്ചിനീയർ - 20575<br>അനിൽദാസ്.കെ.ടി, അസി.എക്സി.എഞ്ചിനീയർ – 69032<br>അലിഫൈസൽ കെ.ടി, അസി.എഞ്ചിനീയർ – 89608 |
| 3-20 | | 22518 | അലിഫൈസൽ കെ.ടി, അസി.എഞ്ചിനീയർ |
| 3-21 | | 44411 | ഉത്തമൻ.ജി, അസി.എക്സി.എഞ്ചിനീയർ |
| ആകെ | | 263104 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-2 | 134400 | ശ്രീ. ജേക്കബ് സക്കറിയ, ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി |

| | | |
|---|---|---|
| 3-5 | 895763 | ശ്രീ. ജേക്കബ് സക്കറിയ, ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി |
| 3-6 | 1,41,017 | ശ്രീ. ജേക്കബ് സക്കറിയ, ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി |
| 3-7 | 9,84,181 | ശ്രീ. ജേക്കബ് സക്കറിയ, ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി |
| 3-8 | 3,81,441 | ശ്രീ. ജേക്കബ് സക്കറിയ, ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി |
| 3-9 | 11,07,277 | ശ്രീ. ജേക്കബ് സക്കറിയ, ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി |
| 3-10 | 8,07,783 | ശ്രീ. ജേക്കബ് സക്കറിയ, ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി |
| 3-11 | 35,87,448 | ശ്രീ. ജേക്കബ് സക്കറിയ, ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി |
| 3-12 | 7,26,389 | ശ്രീമതി. ഹഫ്സത്ത്, സി ഡി പി ഒ ,നിലമ്പൂർ ബ്ലോക്ക് പഞ്ചായത്ത് |
| 3-14 | 6,39,778 | ഡോ. അബ്ദുൽ ജലീൽ, മെഡിക്കൽ ഓഫീസർ, സി.എച്ച്.സി. |
| 3-16 | 26,86,000 | ശ്രീമതി. സെറിൻ ഫിലിപ്പ് 51,000/- രൂപ<br>കൃഷി അസി. ഡയറക്ടർ |
| | | ശ്രീ. ബെന്നി സെബാസ്റ്റ്യൻ, 13,60,000/- രൂപ<br>കൃഷി അസി. ഡയറക്ടർ |
| | | ശ്രീമതി. ശ്രീലത.ബി 12,75,000/- രൂപ<br>കൃഷി അസിസ്റ്റന്റ് ഡയറക്ടർ |
| ആകെ | 12091477 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.ജേക്കബ് സക്കറിയ<br>സെക്രട്ടറി | ജെ.ബി.ഡി.ഒ, വണ്ടൂർ ബ്ലോക്ക് പഞ്ചായത്ത് | വിജയ് വില്ല, ഊട്ടി റോഡ്, പെരിന്തൽമണ്ണ |
| ശ്രീ.ഉത്തമൻ.ജി<br>അസി.എക്സി.എഞ്ചിനീയർ | അസി.എക്സി.എഞ്ചിനീയർ,<br>നിലമ്പൂർ ബ്ലോക്ക് പഞ്ചായത്ത് | ശ്രീ ഹരി, ഷാപ്പിൻകുന്ന്,<br>കാരക്കുന്ന്.പി.ഒ,<br>മലപ്പുറം – 676 123 |
| ശ്രീ.അനിൽദാസ്.കെ.ടി,<br>അസി.എക്സി.എഞ്ചിനീയർ | അസി.എക്സി.എഞ്ചിനീയർ<br>നിലമ്പൂർ ബ്ലോക്ക് പഞ്ചായത്ത് | പാലേയംകുന്ന്,<br>നറുകര.പി.ഒ, മഞ്ചേരി,<br>മലപ്പുറം – 676 122 |

| | | |
|---|---|---|
| ശ്രീ.അലി ഫൈസൽ.കെ.ടി<br>അസി.എഞ്ചിനീയർ | അസി.എഞ്ചിനീയർ, നിലമ്പൂർ ബ്ലോക്ക് പഞ്ചായത്ത് | കുത്തറത്തൊടി ഹൌസ്, വേങ്ങൂർ.പി.ഒ. മലപ്പുറം – 679 325 |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ.

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം. |
|---|---|---|
| 2001-02 | എൽ.എഫ്.എം.4/1459/14(3) തി.08.12.2014 | 8 |
| 2003-04 | എൽ.എഫ്.എം.4/1459/14(5) തി.08.12.2014 | 10 |
| 2004-05 | എൽ.എഫ്.എം.4/1459/14(6) തി.08.12.2014 | 2 |
| 2005-06 | എൽ.എഫ്.എം.4/1459/14(7) തി.08.12.2014 | 4 |
| 2006-07 | എൽ.എഫ്.എം.4/1459/14(8) തി.08.12.2014 | 6 |
| 2007-08 | എൽ.എഫ്.എം.4/1459/14(9) തി.08.12.2014 | 39 |
| 2008-09 | എൽ.എഫ്.എം.4/1459/14(10) തി.08.12.2014 | 10 |
| 2009-10 | എൽ.എഫ്.എം.4/1459/14(11) തി.08.12.2014 | 14 |
| 2010-11 | എൽ.എഫ്.എം.4/2488/11 തി.05.01.2011 | 22 |
| 2011-12<br>2012-13 | എൽ.എഫ്.എം.4/230/14 തി.29.10.2014 | 19 |
| 2013-14 | എൽ.എഫ്.എം.4/2458/14 തി.04.11.2014 | 6 |
| 2014-15 | എൽ.എഫ്.എം.4/2507/15 തി.13.11.2015 | 17 |
| 2015-16 | കെ.എസ്.എ.എം.പി.എം4/518/17 തി,30.032017 | 19 |
| 2016-17 | കെ.എസ്.എ.എം.പി.എം4/2483/17 തി.30.11.2017 | 22 |

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം - 1

## ഓഡിറ്റ് സാക്ഷ്യപത്രം.

കെ.എസ്.എ.എം.പി.എം4/1682/2018

ജില്ലാ ഓഡിറ്റ് കാര്യാലയം,
മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

തീയ്യതി 05/07/2018.

ഇ-മെയിൽ:dompm.ksad@kerala.gov.in
പിൻ- 676 505 ഫോൺ: 0483-2734951

1994- ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4ാം വകുപ്പ് 1994 ലെ കേരള പഞ്ചായത്ത് നിയമത്തിന്റെ 215ാം വകപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാന്റേഡുകൾ അവലംബിച്ചും മലപ്പുറം ജില്ലയിലെ നിലമ്പൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 2017-18 വർഷത്തെ വാർഷിക ധനകാര്യപത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ നിലമ്പൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 2017-18 വാർഷിക ധനകാര്യപത്രിക വരവ്-ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്